2017 ഒക്ടോബർ 10
വാല്യം 10
ലക്കം 19

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# പ്രാർത്ഥന ഫലിച്ചു...അഭിഷേകിന് മോചനം

✷ ആവശ്യപ്പെട്ടത് 75 ലക്ഷം രൂപാ മോചനദ്രവ്യം ✷ പോലിസിന്റെ സമയോചിതമായ ഇടപെടൽ
✷ ലോകമെങ്ങുമുള്ള ദൈവജനത്തിന്റെ പ്രാർത്ഥന ഫലിച്ചു

● ഷൈജു തോമസ്, ഞാറയ്ക്കൽ

**ഡൽഹി:** ഡൽഹിയിൽ അജ്ഞാതസംഘം തട്ടിക്കൊണ്ടു പോയ മലയാളി പെന്തക്കോസ്ത് ബാലനെ പോലിസ് ഇടപെട്ട് മോചിപ്പിച്ച ശേഷം മജിസ്ട്രേറ്റിന് മൊഴി നൽകി വീട്ടുകാർക്ക് വിട്ടുകൊടുത്തു. ഹരിയാനയിലെ ബഹാദൂർഗഡിൽ നടന്ന സംഭവത്തിൽ അഭിഷേക് സേവ്യർ എന്ന 20 കാരനെയാണ് സംഘട്ടനത്തിലൂടെ പോലീസ് രക്ഷപ്പെടുത്തിയത്. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ കെ. ജെ കുരുവിളയുടെ മൂത്തമകൾ റേച്ചലിന്റെയും (മോനികുട്ടി) ഐപിസി റോട്ടക് സെന്റർ ശുശ്രൂഷകനുമായ പത്തനംതിട്ട മല്ലശ്ശേരി ചരിവുവിളയിൽ പാസ്റ്റർ സേവ്യർ മാത്യുവിന്റെയും നാലാമത്തെ മകനാണ് അഭിഷേക് സേവ്യർ. ഇവർക്ക് മൂന്നു പെൺകുട്ടികളും തട്ടികൊണ്ടു പോകപ്പെട്ട ഏക മകനുമാണുള്ളത്. കഴിഞ്ഞ 30 വർഷമായി ഹരിയാനയിൽ സുവിശേഷ പ്രവർത്തനത്തിൽ വ്യാപൃതരായിരിക്കുന്ന ഈ കുടുംബം സഭാ പ്രവർത്തനങ്ങൾക്കായി ഡൽഹിയിൽ താമസിച്ച് വരുകയായിരുന്നു. എഞ്ചിനീയറിംഗ് വിദ്യാർത്ഥിയായ അഭിഷേക് വെള്ളിയാഴ്ച കോളേജിൽ നിന്നും വീട്ടിലേക്ക് മടങ്ങുമ്പോഴായിരുന്നു തട്ടിക്കൊണ്ടു പോകലിനിരയായത്. കോളേജിൽ നിന്നും വീട്ടിലേക്ക് വരുന്ന വഴി വൈകുന്നേരം 4 മണിക്ക് വീടിനടുത്തുള്ള ബസ് സ്റ്റോപ്പിൽ ഇറങ്ങിയ ശേഷം അഭിഷേക് വീട്ടിലേക്ക് ഫോൺ ചെയ്തിരുന്നു ഇതിന് ശേഷമാണ് അജ്ഞാത സംഘത്തിന്റെ പിടിയിലായത്. അഭിഷേകിനെ തട്ടിക്കൊണ്ടു പോയതിന് പിന്നാലെ വിട്ടു കിട്ടാൻ മോചന ദ്രവ്യമായി 75 ലക്ഷം രൂപ നൽകണമെന്നായിരുന്നു അക്രമിസംഘത്തിന്റെ ആവശ്യം. വെള്ളിയാഴ്ച അഞ്ചരയ്ക്ക് പാസ്റ്റർ സേവ്യറിനെ ഫോണിൽ വിളിച്ച സംഘം ശനിയാഴ്ച രാവിലെ 11 മണിയോടെ വീണ്ടും വിളിച്ച് രണ്ടു ദിവസത്തിനകം പണം നൽകണം എന്ന് ആവശ്യപ്പെട്ടു. തുടർന്ന് അക്രമിസംഘം പറഞ്ഞ ബഹദൂർഗഡിന് സമീപത്തെ ജജ്ജറിൽ വിശാലമായ ചോളപ്പാടത്ത് സംഘം ഒളിവിൽ കഴിഞ്ഞ സ്ഥലത്ത് എത്തിയ പോലീസ്, സംഘം ആവശ്യപ്പെട്ടത് പോലെ തന്നെ പണം അടങ്ങിയ ബാഗ് എറിഞ്ഞു കൊടുക്കുകയും ചെയ്തു. ബാഗ് എടുക്കാൻ സംഘം പുറത്തിറങ്ങുന്നത് വരെ പതുങ്ങിയിരുന്ന പോലീസ്, സംഘം വെളിയിൽ എത്തിയതും ചാടിവീഴുകയായിരുന്നു. ഇതിനിടയിൽ ഒളിത്താവളത്തിലേക്ക് നുഴഞ്ഞുകയറിയ പൊലീസ് ഏറ്റുമുട്ടലിലൂടെ സംഘത്തെ കീഴ്പ്പെടുത്തുകയും ചെയ്തു. പൊലീസ് വളഞ്ഞെന്ന് മനസിലാക്കിയതോടെ പണവുമായി സമീപിച്ചയാൾക്കെതിരേ സംഘം വെടിയുതിർത്തു. സംഘട്ടനത്തിൽ ഗുരുതരമായി പരിക്കേറ്റ കോൺസ്റ്റബിൾ രവീന്ദറിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. തെക്കു പടിഞ്ഞാറൻ ഡൽഹിയിലുള്ള നജ്ഫഗഡിലാണ് തങ്ങളുള്ളതെന്ന് സംഘം അറിയിച്ചിരുന്നെങ്കിലും അവിടെ പോലിസ് നടത്തിയ തിരച്ചിൽ വിഫലമായിരുന്നു. അഭിഷേകിന്റെ മൊബൈൽ ഫോണിൽ നിന്നു തന്നെയാണ് സംഘം ബന്ധുക്കളുമായി ബന്ധപ്പെട്ടിരുന്നത്. സൈബർ സെല്ലിന്റെ സഹായത്തോടെ ഫോണിന്റെ സിഗ്നൽ പിന്തുടർന്ന പോലിസിന് ഇത് സംഘത്തിന്റെ ഒളിത്താവളം കണ്ടെത്താൻ സഹായകമായി. അഭിഷേകിനെ മോചിപ്പിച്ച പൊലീസ് ഗുണ്ടാസംഘത്തിലുണ്ടായിരുന്ന രണ്ടു പ്രതികളെ കസ്റ്റഡിയിലെടുത്തു. ഓടി രക്ഷപ്പെട്ട ബാക്കി സംഘാഗംങ്ങൾക്കായി പൊലീസ് തിരിച്ചിൽ നടത്തുകയാണ്. അക്രമികളിൽ നിന്ന് രക്ഷപ്പെട്ട് വീട്ടിലെത്തിയ അഭിഷേക് തന്നെ തട്ടിക്കൊണ്ട് പോയത് അയൽവാസികളായ ദീപക്കും, പ്രവീണുമാണെന്ന് പോലീസിന് മൊഴി നൽകി. അഭിഷേകിന്റെ മോചനത്തിനായി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്ത എല്ലാവരോടും നന്ദി അറിയിക്കുന്നതായി അഭിഷേകിന്റെ പിതാവ് പാസ്റ്റർ സേവ്യർ മാത്യു ഒരു സ്വകാര്യ ചാനലിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞു



ഡൽഹിയുള്ള മാതാപിതാക്കളുടെ അഭ്യർത്ഥന പ്രകാരം ബന്ധുക്കൾ കേരള മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് സഹായം അഭ്യർത്ഥിച്ചിരുന്നു. മാത്രമല്ല ഇന്ത്യാ പെന്ത

07

## ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരള സ്റ്റേറ്റ് 95–ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ വച്ച് നടക്കും. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള പ്രഥമ ആലോചനാ യോഗം സ്റ്റേറ്റ് ഓവർസിയറുടെ അദ്ധ്യക്ഷതയിൽ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. യോഗത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, ബിലിവേഴ്സ് ബോർഡ് അംഗങ്ങൾ, മുൻ കൺവൻഷൻ കൺവീനേഴ്സ്, കമ്മറ്റി അംഗങ്ങൾ, സമീപ ഡിസ്ട്രിക്റ്റുകളിലെ ശുശ്രൂഷകന്മാർ, വിശ്വാസികൾ, വിവിധ ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ, പുതിയതായി കൺവൻഷൻ കമ്മറ്റിയിൽ ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരെല്ലാം പങ്കെടുത്തു. 2017 സെപ്റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ തുടർച്ചയായി ഒരോ ദിവസവും കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനുള്ള ക്രമീകരണവും 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസ പ്രാർത്ഥന നടത്തുന്നതിനും തീരുമാനമായി. കൺവൻഷനിൽ സ്വദേശത്തും വിദേശത്തുമുള്ള ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും. പാസ്റ്റർമാരായ ജെ. ജോസഫ്, വൈ. റെജി, ജോൺസൻ ദാനിയേൽ എന്നിവർ നേതൃത്വം നല്കി.

## നവാപൂർ കൺവൻഷൻ ഒക്ടോബർ 24 ന് ആരംഭിക്കും



**നവാപൂർ:** ഉത്തരേന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സംഗമമായ 37–ാമത് നവാപൂർ കൺവൻഷൻ ഒക്ടോബർ 24–29 വരെ മഹാരാഷ്ട്രയിലെ നവാപൂരിന് സമീപമുള്ള കരഞ്ചി കൂർദ് ഫിലദൽഫിയ സ്റ്റേഡിയത്തിൽ നടക്കും. ഒക്ടോബർ 24 വൈകിട്ട് 6ന് ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയുടെ ജനറൽ ഓവർസിയർ റവ. ജോയി പുന്നൂസ് കൺവൻഷൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ വി.ഒ. വർഗീസ്, എം.എസ്. ശാമുവേൽ, ലാജി പോൾ, ഡോ. മോനിസ് ജോർജ് തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ പ്രസംഗിക്കും. ഫിലദൽഫിയ ക്വയർ സംഗീത ശുശ്രൂഷ നിർവഹിക്കും. കൺവൻഷനോടനുബന്ധിച്ച് ശുശ്രൂഷക സമ്മേളനം, ഫിലദൽഫിയ ബൈബിൾ കോളജ് ഗ്രാഡുവേഷൻ, മെഡിക്കൽ ക്യാമ്പ് എന്നിവ നടക്കും.

മരുഭൂമിയുടെ അപ്പോസ്തോലനായിരുന്ന ഡോ. തോമസ് മാത്യു തുടക്കം കുറിച്ച നവാപൂർ കൺവൻഷൻ മൂന്നര പതിറ്റാണ്ടുകൾ പിന്നിടുമ്പോൾ ഭാരതത്തിലെ ഏറ്റവും വലിയ ആത്മീയ സംഗമങ്ങളിലൊന്നായി മാറിക്കഴിഞ്ഞു. ഈ ആത്മീക സംഗമത്തിന്റെ സംഘാടകർ ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് ഓഫ് ഇന്ത്യയാണ്. സഭയുടെ ഇന്ത്യയിലെ വിവധ സംസ്ഥാനങ്ങളിലുള്ള ആയിരത്തിൽ അധികം സഭകളിൽ നിന്നുമായി പതിനായിരക്കണക്കിന് വിശ്വാസികൾ കൺവൻഷനിൽ പങ്കെടുക്കും.

## സാക്ഷി



ജാമ്യം കിട്ടിയ നടൻ ദിലീപിന് ഗംഭീര സ്വീകരണം – **വാർത്ത**

ലോകം അങ്ങനെയാണ്. അവളോടൊപ്പമോ അവനോടൊപ്പമോ അല്ല.ജയിച്ചവനൊപ്പം ജയിക്കുന്നവനോടൊപ്പം മാത്രം.

## വിദേശകാര്യ മന്ത്രാലയത്തിന്റെ പുതിയ പുസ്തകം വിവാദത്തിൽ

രാഷ്ട്രീയ സ്വയം സേവക് സംഘത്തിന്റെ താത്വികാചാര്യനും ഭാരതീയ ജനസംഘം സ്ഥാപകനുമായ ദീൻദയാൽ ഉപാധ്യയുടെ ജന്മദിന ആഘോഷങ്ങളുടെ ഭാഗമായി ഭാരത സർക്കാരിന്റെ വിദേശകാര്യ മന്ത്രാലയം ഈ വകുപ്പിന്റെ സൈറ്റിൽ അപ്ലോഡ് ചെയ്ത ഒരു പുസ്തകം വിവാദങ്ങൾക്ക് വഴി തെളിച്ചു. ദീൻദയാൽ ഉപാധ്യയ് എഴുതിയ ഏകാത്മ മാനവവാദ് എന്ന ഹിന്ദി/ഇംഗ്ലീഷ് പുസ്തകമാണ് മന്ത്രാലയം തങ്ങളുടെ സൈറ്റിൽ ഇട്ടത്.

സ്വതന്ത്ര ഇന്ത്യയുടെ ശൈശവത്തിലെ രാഷ്ട്രീയ ചരിത്രം വിശദീകരിക്കുന്ന ഈ പുസ്തകം നിഷ്പക്ഷ ചരിത്രകാരന്മാരെ സംബന്ധിച്ച് അബദ്ധ ജഢിലമാണ്. ഇന്ത്യയുടെ മതേതര മൂല്യങ്ങൾക്ക് വിരുദ്ധമായ വസ്തുകളാണ് പുസ്തകത്തിൽ ഉള്ളത്. ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടത്തിൽ പകരം വെക്കാൻ ബിജെപി മാത്രമേ ഉള്ളൂ എന്നും യഥാർത്ഥ ആത്മീയത ഹൈന്ദവതയിൽ മാത്രമേയുള്ളൂ എന്നും പുസ്തകം വാദിക്കുന്നു.

ഇന്ത്യൻ ഭരണഘടന മതത്തിനും രാഷ്ട്രീയത്തിനും ശക്തമായ അതിർവരമ്പാണ് ഇട്ടത്. എന്നാൽ ഇതിനെ മറികടന്നു ഭരണസംവിധാനത്തെ മതപ്രചാരണത്തിന് ഉപയോഗിക്കുന്ന ഒരു പുതിയ പ്രവണതയുടെ ഉദാഹരണം ആണ് ഇത്.

‘എന്നെ സംബന്ധിച്ചിടത്തോളം ഇത് ദുർഗ്രഹവും ദുഃഖദായകവുമാണ്. ഇന്ത്യയെ പ്രതിനിധികരിക്കേണ്ട വിദേശകാര്യമന്ത്രാലയം രാഷ്ട്രീയമായി പക്ഷപാതം കാണിക്കുന്നു’ എന്ന് വിദേശകാര്യമന്ത്രാലയത്തിലെ മുൻ ഉന്നത ഉദ്യോഗസ്ഥൻ ശിവശങ്കർ മേനോൻ പറഞ്ഞു.

ഇന്ത്യൻ ഫോറിൻ സർവ്വീസിലെ ഉദ്യോഗസ്ഥരെ ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തിന്റെ സമർപ്പിക്കപ്പെട്ട ഉദ്യോഗസ്ഥരാക്കി മാറ്റാൻ നേരെത്തെ ശ്രമം ഉണ്ടായിരുന്നു. അന്ന് അത് എതിർക്കപ്പെട്ടു. ഇന്ത്യയിലെ കോടതി



പ്രകാശ് പി. കോശി

06

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്
ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ
വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്
ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു
മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്
ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി
സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ
കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു
മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in

**അറിയിപ്പ്**
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ




# ഭരണാധികാരികൾ ജനത്തെ മറക്കുമ്പോൾ



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

മഹാഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളെ ആർക്കും വിവരിക്കുവാൻ കഴിയാത്ത കഷ്ടതകളിലേക്ക് യാതൊരു ദയയും കൂടാതെ തള്ളി വിടുന്ന ഭരണാധിപന്മാരെ കുറിച്ച് എന്തു പറയുവാനുള്ളത്. കെടുകാര്യസ്ഥതയും ജനവിരുദ്ധതയും മുഖമുദ്രയാക്കിയ ഭരണമെന്നാണ് ജനങ്ങൾ അതിനെ വിലയിരുത്തുന്നത്. സമസ്ത മേഖലയിലും ഒരു സർക്കാർ പരാജയമായി മാറിയാൽ രാജ്യത്തെ ജനങ്ങളുടെ അവസ്ഥ എന്തായി തീരും എന്ന് ആലോചിക്കുവാൻ കഴിയുകയില്ല. ജനങ്ങൾക്ക് നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുള്ള വാഗ്ദാനങ്ങൾ മാത്രം നല്കി കൊടുത്തിട്ട് എന്ത് കാര്യം. പ്രതിപക്ഷത്തിരിക്കുന്നതു പോലെ എളുപ്പമല്ല ഭരണപക്ഷത്തായിരിക്കുമ്പോൾ കാര്യങ്ങൾ. കഴിഞ്ഞ സർക്കാരിന്റെ കുറവുകളെ ഉയർത്തിക്കാട്ടി അതിന് ബദൽ നയങ്ങൾ മുന്നോട്ട് വച്ചാണ് ഒരോ സർക്കാരും അധികാരത്തിലേറുന്നത്. എന്നാൽ ഭരണം ലഭിച്ചു കഴിഞ്ഞപ്പോൾ തങ്ങളെ അധികാരത്തിലെത്തിച്ച ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയരുവാൻ സാധിച്ചില്ല എന്നു മാത്രമല്ല, ജനങ്ങളെ പാടെ മറന്നു പോകുന്ന തരത്തിലുള്ള ഭരണമാണ് കാഴ്ച വെയ്ക്കുന്നതും. ഞാനി പറയുന്നത് ഏതെങ്കിലും ഒരു സർക്കാരിനെയോ രാഷ്ട്രീയ പാർട്ടിയെയോ അല്ല. മറിച്ച് പൊതുവായി കണ്ടുവരുന്നത് സൂചിപ്പിച്ചു എന്നു മാത്രം. ഏതൊരു ഗവൺമെന്റിൽ നിന്നും ജനങ്ങൾ ആഗ്രഹിക്കുന്നത് ജനപക്ഷത്ത് നിന്നു കൊണ്ടുള്ള ക്രിയാത്മകമായ ഒരു പ്രവർത്തനം ആണ്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വിലക്കയറ്റം തടയുക, കാർഷിക-വ്യവസായിക ഉല്പാദനം വർദ്ധിപ്പിക്കുക തുടങ്ങിയവ അതിൽ പെടുന്നു. ഇന്ന് ഇന്ത്യ നേരിടുന്ന കടുത്ത സാമ്പത്തികത്തകർച്ചയും ഉൽപ്പാദനമാന്ദ്യവും ഇന്ത്യൻ സമ്പദ്വ്യവസ്ഥയെ താഴോട്ടാക്കുകയാണ്. ഇതെല്ലാം ദുസ്സഹമാക്കുന്നത് സാധരണക്കാരന്റെ ജീവിതവും. രാഷ്ട്രീയ പാർട്ടികളും നേതാക്കന്മാരും ജനങ്ങൾക്ക് നന്മ ചെയ്യുന്ന കാര്യത്തിലായിരിക്കണം ശക്തി തെളിയിക്കാനുള്ള മത്സരങ്ങൾ നടത്തേണ്ടത്. അല്ലാതെ തങ്ങളുടെ അജണ്ട രാജ്യത്ത് നടപ്പിലാക്കുന്ന കാര്യത്തിലായിരിക്കരുത്. അത് ജനോപകാരപ്രദം ആയി മാറുന്നെങ്കിൽ മാത്രമെ ജനങ്ങൾ ഭരണാധികാരികളെ ഇഷ്ടപ്പെടുകയുള്ളു അവരെ സ്നേഹിക്കുകയുള്ളൂ. ഏതു രാഷ്ട്രീയ പാർട്ടിക്കാരായാലും ജനങ്ങൾക്ക് ഉപകാരപ്രദമായ നന്മകൾ ചെയ്താൽ മാത്രമെ അവർക്ക് ജനങ്ങൾക്കിടയിൽ സ്ഥാനമുണ്ടാവുകയുള്ളൂ. ഒരു സർക്കാരിലുള്ള ജനങ്ങളുടെ വിശ്വാസമാണ് ഏറ്റവും വലുത്. അതിനേക്കാൾ വലുതായി ഒന്നുമില്ല. എന്നാൽ അത് നഷ്ടപ്പെടുമ്പോഴാണ് ജനങ്ങൾ തെരുവിലിറങ്ങുന്നത്. ജനങ്ങളെ വെല്ലുവിളിച്ച് അഴിമതി നടത്തുന്നവർ ചിലപ്പോൾ പിടിക്കപ്പെടാതെ രക്ഷപ്പെട്ടെന്നുവരാം. പലപ്പോഴും ഇത്തരക്കാർ നിയമത്തിന് മുന്നിൽ വരില്ലെങ്കിലും ഇരിക്കുന്ന കൊമ്പ് മുറിക്കുന്നതിന് തുല്യമായിരിക്കുമത്. സർക്കാരുകൾ, ഭരണത്തുടർച്ച എന്നൊക്കെ പറയുന്നത് കേൾക്കാൻ ഏവർക്കും ഇഷ്ടമുള്ള കാര്യങ്ങൾ തന്നെ. ഒരു പരിധി വരെ അതൊക്കെ ശരിയാണുതാനും. എന്നാൽ ഒരു പരിധി വരെ എന്നത് മാറി മാറി വരുന്ന ഓരോ സർക്കാരും ഓർത്തുവെക്കുന്നതു വളരെ നന്നായിരിക്കുമെന്നു തോന്നുന്നു. ഭരണത്തുടർച്ച എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മുൻ സർക്കാരിന്റെ നയങ്ങൾ അച്ചട്ടായി പിന്തുടരുക എന്നതല്ല. അങ്ങനെ ആണെങ്കിൽ ഭരണമാറ്റം ആവശ്യമില്ലായിരുന്നു. മുൻ സർക്കാർ ശരിയല്ല എന്നു ജനങ്ങൾക്ക് തോന്നുന്നതുകൊണ്ടാണു പുതിയ സർക്കാർ ഉണ്ടാവുന്നത്. പഴയ സർക്കാർ പോരെന്നു തോന്നുമ്പോഴാവുമല്ലോ പുതിയൊരു സർക്കാരിനെ ജനം വിഭാവനം ചെയ്യുന്നതും അങ്ങനെയൊന്നു സംഭവിക്കുന്നതും. ഒരു സർക്കാരും; അത് പ്രതേകിച്ചു പ്രതിപക്ഷത്തിന്റേതാകുമ്പോൾ പഴയതിന്റെ തനിയാവർത്തനം ആകുന്നത് ഒട്ടും ശരിയല്ല. ഏതൊരു ഭരണാധിപന്മാർക്കും ആവശ്യമായിരിക്കുന്നത് ജനോപകരാപ്രദമായ നടപടികളാണ്. ഇത്രയും നേരം ഞാൻ പറഞ്ഞത് ഭൗതിക ലോകത്തിന്റെതാണെങ്കിൽ ഇനിയും പറയുന്നത് ആത്മീക ലോകത്തിന്റതാണ്. ഒരോ സഭയുടെയും ഭരണ നേതൃത്വത്തിൽ എത്തപ്പെടുന്നവരെ കുറിച്ച് സഭാ വിശ്വാസികൾക്ക് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്, ആഗ്രഹവമുണ്ട്. അത് സഭയെ ആത്മീകമായി മുന്നോട്ട് നയിക്കുക എന്നതു തന്നെയാണ്. സഭാ ജനത്തിന്റെ ആത്മീയ മുന്നേറ്റത്തിനായി സഭയിലെ ബഹുഭൂരിപക്ഷം വരുന്ന സാധരാണക്കാരായ വിശ്വാസികൾ ആഗ്രഹിക്കുന്ന എന്നതാണ് സത്യം. ദുരുപദേശകന്മാരുമായി ചങ്ങാത്തം കൂടാതെയിരിക്കുക, ഉപദേശ സത്യങ്ങൾക്കായി നിലകൊള്ളുക എന്നതെല്ലാം ഏവരും ആഗ്രഹിക്കുന്ന ഒന്നാണ് എന്ന് നമ്മുടെ ആത്മീയ നേതൃത്വം തിരിച്ചറിയണം. സഭകളിൽ ആളുകളുടെ എണ്ണവും, ആത്മീയന്മാരുടെ എണ്ണവും കുറയുന്നതാണ് കാണുന്നത്. അതിന് മാറ്റം വരുത്തുവാൻ കഴിയുന്ന കർമ്മ പദ്ധതികൾ നേതൃത്വം വിഭാവനം ചെയ്ത് നടപ്പിലാക്കണം. സുവിശേഷീകരണം മാത്രം ലക്ഷ്യമാക്കി മാറ്റണം. ഇതിനെ മറന്ന് ഒരു സഭയുടെ നേതൃത്വവും മുന്നോട്ട് പോകരുത്. യിസ്രയേലിൽ സംഭൂതമായ ആത്മീക മാന്ദ്യം നിമിത്തം ആലയം വാണിഭശാലയായി മാറി. യേശുക്രിസ്തു അതിനെ കള്ളന്മാരുടെ ഗുഹ എന്ന പേര് വിളിച്ചു. സാധാരണക്കാരായ ജനങ്ങൾ അതിനെ സ്വാഗതം ചെയ്തു, നാളുകളായി അവരുടെ ഉള്ളിൽ വിങ്ങിക്കിടന്ന വികാരം യേശു ചാട്ടവാറെടുത്തതിലൂടെ പുറത്ത് വന്നത്. സുവിശേഷികരണം മറന്ന്, ജനത്തെ മറന്ന്, ആത്മീയ ഉന്നമനം മറന്ന് മറ്റെന്തിനു വേണ്ടി ശ്രമിച്ചാലും അതെല്ലാം ജനത്തെ മറക്കുന്ന ഭരാണാധിപന്മാരെ സൃഷ്ടിക്കുന്നതിനെ സഹായകരമാകു എന്ന തിരിച്ചറിവ് നമുക്ക് ഏവർക്കും ഉണ്ടാകട്ടെ.

# ദൈവവചന പഠനം എങ്ങനെ?



ബിനു ജോസഫ്
വടശ്ശേരിക്കര




**വചനധ്യാനത്തിന് ആവശ്യമായവ**

വചനധ്യാനത്തിന് ആവശ്യമായ ചില ഘടകങ്ങൾ ഉണ്ട്. അവയെപ്പറ്റി തുടർന്ന് വിവരിക്കാം.

**1. ശാന്തമായ അന്തരീക്ഷം**

ദൈവവചനധ്യാനത്തിന് ശാന്തമായ അന്തരീക്ഷം ആവശ്യമാണ്. സ്വസ്ഥമായ മുറി, ശാന്തമായ പ്രകൃതി എന്നിവ നല്ലതുതന്നെ. ദൈവവചനത്തെ ഹൃദിസ്ഥമാക്കിയാൽ ഓടുന്ന വാഹനത്തിലിരുന്നുപോലും ദൈവവചനത്തെ ധ്യാനിക്കുവാൻ കഴിയും. ഏകാഗ്രതയ്ക്കായും മറ്റുള്ളവരുടെ ശല്യവും ഒഴിവാക്കുവാനുമായി തിരഞ്ഞെടുക്കുന്ന സ്ഥലത്തിന് പ്രാധാന്യം ഉണ്ട്.

**2. തിരഞ്ഞെടുക്കപ്പെട്ട വചനം**

വിശുദ്ധബൈബിളിലെ ഏതെങ്കിലും വേദഭാഗം ധ്യാനത്തിനായി തിരഞ്ഞെടുക്കാം. ഈ വേദഭാഗത്തെ ഹൃദിസ്ഥമാക്കുവാൻ കഴിഞ്ഞാൽ നന്ന്. ഈ വേദഭാഗം മുമ്പ് പറഞ്ഞതുപോലെ പുതിയ നിയമം, സങ്കീർത്തനം തുടങ്ങിയ ഭാഗത്ത് നിന്നാണ് ഉചിതം.

**3. നോട്ട് ബുക്ക്**

ചിന്തകളും, വേദഭാഗവും പ്രായോഗിക നിർദ്ദേശങ്ങളും കുറിക്കുവാൻ ഒരു നോട്ട്ബുക്ക് അത്യാവശ്യമാണ്. പിന്നീട് അവയെപ്പറ്റി ചിന്തിക്കുവാനും ഇത് ഉപകരിക്കും.

**4. ബൈബിൾ പഠനസഹായികൾ**

ധ്യാനത്തിനായി തിരഞ്ഞെടുത്ത വാക്യത്തെപ്പറ്റി കുറെക്കൂടി മനസ്സിലാക്കുവാൻ പഠനസഹായികൾ ഉപയോഗിക്കാം. ബൈബിൾ കമന്ററികൾ, ഡിക്ഷ്നറികൾ തുടങ്ങിയവയോ, അനുബന്ധ വാക്യങ്ങൾക്കായി കൺകോർഡൻസോ ഉണ്ടെങ്കിൽ പ്രയോജനകരമാണ്.

**5. മറ്റുള്ളവരുടെ സഹായം**

നിങ്ങൾക്ക് മനസ്സിലാകാത്തത് മറ്റുള്ളവരുടെ സഹായത്താൽ മനസ്സിലാക്കിയെടുക്കാം. അതിനായി സുവിശേഷവേലക്കാരെയോ ബൈബിൾ അദ്ധ്യാപകരേയോ സമീപിക്കാം. എന്നാൽ മാനുഷികമായ അറിവിനെക്കാൾ ദൈവവചനത്തിന്റെ ആഴങ്ങൾ മനസ്സിലാക്കുവാൻ പരിശുദ്ധാത്മാവിന്റെ സഹായം തേടാം. പരിശുദ്ധാത്മാവാണ് ഏറ്റവും നല്ല വഴികാട്ടി.

**6. പരിശുദ്ധാത്മാവിന്റെ സഹായം**

ഇത് നമുക്ക് പണം കൊടുത്ത് നേടുവാൻ കഴിയുകയില്ല. യേശുവിനായി ഹൃദയം കൊടുത്ത ഒരാളിൽ പരിശുദ്ധാത്മാവ് വസിക്കുന്നു. ദൈവവചനത്തിന്റെ ആഴങ്ങൾ മനസ്സിലാക്കി തരുവാൻ പരിശുദ്ധാത്മാവിനോട് അപേക്ഷിക്കാം.

**വചനത്തെ ധ്യാനിക്കുമ്പോൾ....**

പുതിയ നിയമത്തിലെ യേശു പറഞ്ഞ ഉപദേശങ്ങളും അത്ഭുതങ്ങളും ഏതു സാധാരണക്കാരനും മനസ്സിലാകും. എന്നാൽ ഉപമകളെയും മറ്റ് ചില സാദൃശ്യങ്ങളേയും മനസ്സിലാക്കുവാൻ ബുദ്ധിമുട്ട് നേരിടാം. അപ്പൊസ്തൊലനായ പൗലോസിന്റെ ലേഖനങ്ങളിലെ ഉപദേശങ്ങൾ പല വ്യക്തികൾക്കും സഭകൾക്കും ഉള്ളതാണ്. പണ്ട് ആരോ ചോദിച്ചതുപോലെ കൊരിന്ത്യലേഖനം കോഴഞ്ചേരിക്കാർക്ക് എന്തിനാ? എന്ന് ചിലരെങ്കിലും ചിന്തിക്കാം. കൊരിന്തിലെ സഭയ്ക്കോ, റോമിലെ സഭയക്കോ പൗലോസ് എഴുതിയ ലേഖനങ്ങൾക്ക് ഇന്നുള്ള പ്രസക്തി എന്താണ് എന്ന് ചിലർ ചോദിക്കാം? വർഷങ്ങൾക്ക് മുമ്പ് പൗലോസ് എഴുതിയ വിഷയങ്ങളെല്ലാം തന്നെ ഇന്നത്തെ ജനങ്ങളുടെ പ്രശ്നമാണ്. അതിലുപരി ഇത് എല്ലാ കാലത്തേക്കുമായുള്ള ദൈവവചനവുമാണ്. അതുകൊണ്ട് അത് ഇന്നും പ്രസക്തമാണ്.

ദൈവവചനം വായിച്ച് വെറുതെ തള്ളാതെ ദൈവവചനത്തിന് വ്യക്തിപരമായി നമ്മോട് പറയുവാനുള്ളത് എന്താണെന്ന് അറിയുക. അത് മനസ്സിലാക്കി ജീവിതത്തിൽ പ്രാവർത്തികമാക്കുക. **(തുടരും)**

# ഇവാഞ്ചലിസം ബോർഡ്

**പുനലൂർ:** ഐ.പി.സി. പുനലൂർ സെന്റർ ഇവാഞ്ചലിസം ബോർഡ് സോദരീ സമാജം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ഒക്ടോബർ 17ന് അയിലറ കേന്ദ്രീകരിച്ച് സുവിശേഷ പ്രവർത്തനവും പരസ്യയോഗവും നടക്കും. കർത്തൃദാസന്മാരായ ബിജു റ്റി. ഫിലിപ്പ്, റോയി ജോൺ, ഷാജി സോളമൻ സഹോദരിമാരായ സുനി ഏബ്രഹാം, ജെസി ബിജു, ശാന്തമ്മ കുട്ടപ്പൻ, ശോശാമ്മ ഏബ്രഹാം എന്നിവർ നേതൃത്വം നൽകും.

# ഏകദിന സെമിനാർ

**കാപ്പുകാട്:** ഇന്ത്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരളാ റീജിയൻ വാഴൂർ സെന്റർ യൂത്ത് ആന്റ് സണ്ടേസ്കൂൾ സംയുക്ത ഏകദിന സെമിനാർ ഗിൽഗാൽ പ്രെയർ ഹാളിൽ സെപ്റ്റംബർ 8 ന് നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ ലാലു തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ലാലപ്പൻ പീറ്റർ അദ്ധ്യക്ഷത വഹിച്ചു. കുട്ടികളുടെ താലന്ത് പരിശോധനയും നടത്തി. പാസ്റ്റേഴ്സ് കെ. എം. പ്രസാദ്, ലിജു ലൂക്കോസ്, ജോർജ് ഡേവിഡ് എന്നിവർ ആശംസകൾ അറിയിച്ചു. രാത്രിയിൽ കോട്ടയം സെറാഫ് മ്യൂസിക്കിന്റെ സംഗീത ശുശ്രൂഷയും ഉണ്ടായിരുന്നു. ഡാർവി ജോസ്, എം. എൽ ജോർജ്, എന്നിവർ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി.

എനിക്കും പറയാനുണ്ട്

# ഐ .പി സി രാഷ്ട്രീയവും ജേണൽ നിലപാടും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

ബിലീവേഴ്സ് ജേണൽ ആരംഭിച്ചിട്ട് ഒരു പതിറ്റാണ്ട് കഴിയുന്നു. എന്നാൽ ഐപിസി എന്ന പ്രസ്ഥാനത്തിൽ രാഷ്ട്രീയ അതിപ്രസരം അതിനുമുന്നമെ തന്നെ ഉണ്ട്. എന്റെ മാധ്യമ ബന്ധം തുടങ്ങിയിട്ട് രണ്ടു പതിറ്റാണ്ടു കഴിഞ്ഞു. അതുകൊണ്ടു തന്നെ നേതൃത്വത്തെ അടുത്തറിയാനും ചേരിതിരിവുകളും അന്തർനാടകങ്ങളും അടുത്തറിയാനും ഇടയായിട്ടുണ്ട്.പൊതു ജനം അറിയുന്നതിനേക്കാൾ യാഥാർത്ഥ്യങ്ങൾ അറിയാൻ കഴിയുന്നത് മാധ്യമങ്ങൾക്കാണല്ലോ.

ധാരാളം പെന്തക്കോസ്തു പ്രസ്ഥാനങ്ങൾ കേരളത്തിലുണ്ട്. സ്വതന്ത്ര സഭകൾ, ഏകാധിപത്യ സഭകൾ, ജനാധിപത്യ സഭകൾ ഇങ്ങനെ പല വിധത്തിലാണ് ഇവയുടെ ഭരണ സംവിധാനം.ചിലതൊക്കെ അധികാരത്തിന്റെ ചെങ്കോൽ തലമുറതലമുറ കൈമാറി മുന്നേറുന്നു. കാൽനടക്കാരും അർദ്ധ പട്ടിണിക്കാരും ശതകോടീശ്വരന്മാരായി മാറി എന്നത് മാത്രം മിച്ചം. എന്നാൽ ഐ.പി.സി പോലുള്ള പ്രസ്ഥാനങ്ങളിലെ ജനാധിപത്യ സംവിധാനം ഒരളവുവരെ ഗുണകരമായി. (രാഷ്ട്രീയ അതിപ്രസരവും അനർഹരുടെ കടന്നു വരവും ദോഷകരമായ മറുവശമാണെന്ന് സമ്മതിക്കുന്നു). വിശ്വാസികൾക്കു കൂടി പങ്കാളിത്തം ഉള്ളത് വളർച്ചക്ക് അനുകൂലമായ മറ്റൊരു ഘടകമാണ്.

കഴിഞ്ഞ ലക്കത്തിൽ ജേണൽ ഐപി സി രാഷ്ട്രീയവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച വാർത്ത ചില നവമാധ്യമ ഗ്രൂപ്പുകളിൽ ചർച്ചയായി മാറി. ചിലരിൽ നിന്ന് പ്രതിഫലം വാങ്ങി ചിലരുടെ ചട്ടുകം ആയി ജേണൽ മാറി എന്ന ആരോപണവും കണ്ടു.അവരോട് സഹതാപം മാത്രമേയുള്ളു. കാരണം ജേണൽ നിലപാടിനെക്കുറിച്ചുള്ള അജ്ഞതയാണ് അവരെ അങ്ങനെ പറയാൻ പ്രേരിപ്പിച്ചത്.

പെന്തക്കോസ്ത് പ്രസ്ഥാനങ്ങളിൽ നുണു കടന്ന ദുരുപദേശത്തിനും നവ പ്രവണതകൾക്കും അഴിമതിക്കും എതിരെയുള്ള നിലപാടാണ് ജേണലിനുള്ളത്. അതിനായി തൂലികയും സ്ഥലവും ജേണൽ നന്നായി വിനിയോഗിക്കുകയും ചെയ്തു. ജേണൽ പാരമ്പര്യ നിലപാടുകൾക്കായി നിന്നതിന്റെ പ്രയോജനം അനുഭവിച്ചവരാണ് കഴിഞ്ഞ ലക്കം വാർത്തക്കെതിരെ രംഗത്ത് വന്നത് എന്നത് എനിക്ക് രസകരമായി തോന്നി. വിമർശനങ്ങളോട് അസഹിഷ്ണത പുലർത്തുന്നവരാണ് പാരമ്പര്യചേരിക്കാർ.

എന്താണ് ഐ.പി സി യിൽ നടക്കുന്നത് എന്നു ചോദിച്ചാൽ അതിനുത്തരം കണ്ടെത്തുക അസാധ്യമാണ്. അവിടെ ഉണ്ടാകുന്ന കൂട്ടുകെട്ടുകൾ ആശയപരമല്ല ഇപ്പോൾ. 'ആമാശയപരമായ' ചില ഒത്തുതീർപ്പുകൾ മാത്രം.

ഐപിസിയുമായി എന്റെ ബന്ധം ആരംഭിക്കുന്നത് 1985ലെ കുമ്പനാട് കൺവൻഷനിലെ കേൾവിക്കാരനായിട്ടാണ്. 1984– ആഗസ്റ്റ് 15 നാണ് പാസ്റ്റർ കെ.സി ജോണിന്റെ കൈക്കീഴിൽ ഞാൻ വിശ്വാസ സ്നാനം സ്വീകരിക്കുന്നത്.

1988ൽ ഹെബ്രോനിൽ വിദ്യാർത്ഥിയായി എത്തി.

പിന്നീട് മാധ്യമ പ്രവർത്തനത്തിന്റെ ഭാഗമായി കൂടുതൽ ബന്ധങ്ങളായി. എന്റെ മാതൃകുടുംബമായ ചെള്ളേത്ത് കുടുംബവും കുമ്പനാട്ടാണ്. അവരിൽ പലരും ഐപിസിയിൽ സജീവവുമാണ്. ബിലീവേഴ്സ് ജേണൽ ഓഫീസ് കുമ്പനാട്ടായതിനാലും ഹെബ്രോനിൽ നിന്ന് അകലെയല്ലാത്തതിനാലും ഐ പി സി രാഷ്ട്രീയം അടുത്തറിയുന്നു.

ബിലീവേഴ്സ് ജേണൽ ഏറ്റവും കൂടുതൽ വിമർശിച്ചിട്ടുള്ളത് പാസ്റ്റർ കെ.സി ജോണിനെയാണ്. എന്നാൽ ഒരിക്കൽ പോലും അദ്ദേഹം അസഹിഷ്ണത കാട്ടുകയോ നീരസം പ്രകടിപ്പിക്കുകയോ ചെയ്തിട്ടില്ല. നവ പ്രവണതകളോടുള്ള തന്റെ നിലപാടുകളോട് ഒട്ടും യോജ്യതയില്ല.

അതിനെ എന്നും വിമർശിച്ചിട്ടുണ്ട്.

ഐ.പി സി യിൽ എനിക്കേറ്റവും സ്നേഹവും ബഹുമാനവും തോന്നിയിട്ടുള്ളത് പാസ്റ്റർ റ്റി.എസ് ഏബ്രഹാമിനോടാണ്.പൊതു സമൂഹത്തിൽ പെന്തക്കോസ്തിന്റെ മാന്യമുഖമായിട്ടാണ് അദ്ദേഹത്തെ എനിക്കു തോന്നിയിട്ടുള്ളത്. താൻ നടത്തിയിരുന്ന കാർമ്മിക ശുശ്രൂഷകൾ ഭംഗിയായിരുന്നു.

പാസ്റ്റർ വൽസൻ ഏബ്രഹാമുമായി അടുത്തു സഹകരിപ്പാൻ അവസരം ലഭിച്ചിട്ടുണ്ട്. മാന്യനായ ദൈവദാസൻ. നമ്മുടെ സമൂഹത്തിൽ ഏറെ തെറ്റിദ്ധരിക്കപ്പെട്ട ആളായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്.

പാസ്റ്റർ ജേക്കബ് ജോൺ സ്ഥാനമൊഴിയുമ്പോൾ നേതൃനിരയിൽ പാസ്റ്റർ കെ.സി.ജോൺ പാസ്റ്റർ വൽസൻ ഏബ്രഹാം എന്നിവരുണ്ടാകണം എന്നാണ് എന്റെ വ്യക്തിപരമായ ആഗ്രഹം

പാസ്റ്റർമാരായ സാം ജോർജ്ജ്, ബേബി വർഗ്ഗീസ്.വിൽസൺ ജോസഫ് തുടങ്ങിയവരും നേതൃത്വത്തിലെത്തുന്നത് സഭയ്ക്ക് ഗുണകരമാണ് എന്ന നിരീക്ഷണമാണെന്റേത്.

കേരളാ സ്റ്റേറ്റിൽ പാസ്റ്റർ ഫിലിപ്പ് പി.തോമസ്, രാജു പൂവക്കാല തുടങ്ങിയവരെയും ഇഷ്ടപ്പെടുന്നു. അതു കൊണ്ട് മറ്റുള്ളവരെ ഇഷ്ടമല്ല എന്നല്ല.

ഇതൊക്കെ എന്റെ വ്യക്തിപരമായ നിരീക്ഷണങ്ങളും ഇഷ്ടങ്ങളുമൊക്കെയാണ്. ഇഷ്ടവും സ്നേഹബന്ധവുമുള്ള ധാരാളം നേതാക്കന്മാർ ഐ.പി സി യിലുണ്ട്. പേരുകൾ പരാമർശിച്ചില്ല എന്നു മാത്രം. പ്രതീക്ഷ നൽകുന്ന ധാരാളം യുവ ശുശ്രൂഷകർ ഐ പി സി നേതൃത്വത്തിലുണ്ട്. മറ്റു പ്രസ്ഥാനങ്ങളിലെല്ലാം നേതൃത്വ ക്ഷാമം വളരെയാണ്.

ഒരു നേതാവിന്റെ ഗുണമായി ഞാൻ കരുതുന്നത് ഉറച്ച നിലപാടും സത്യസന്ധതയുമാണ്. തരം പോലെ വാക്കു മാറുന്നവരെയും കസേരക്കായി വിട്ടുവീഴ്ച ചെയ്യുന്നവരെയും അവിശുദ്ധ കൂട്ടുകെട്ടുണ്ടാക്കുന്നവരെയും പിന്തുണക്കാൻ കഴിയാത്തത് എന്റെ ജനിതകഗുണമായാണ് കാണുന്നത്. മാധ്യമ പ്രവർത്തകൻ എന്ന നിലയിൽ വധഭീഷണി, ഗുണ്ടാ ആക്രമണം, തേജോവധം നടത്തൽ , അസത്യ പ്രചരണം, ഒറ്റപ്പെടുത്തൽ, ഊമക്കത്തുകളിലൂടെ അപവാദ പ്രചരണം ഇങ്ങനെ എന്തെല്ലാം നേരിടേണ്ടി വന്നിരിക്കുന്നു.

മാധ്യമ പ്രവർത്തനം നേട്ടങ്ങൾക്കു വേണ്ടി ഉപയോഗിക്കാറില്ല. നിലാടുകൾക്കായി ഉറച്ചു നിൽക്കും. നഷ്ടങ്ങൾ സംഭവിക്കുമ്പോൾ വേദന തോന്നാറുണ്ടെങ്കിലും കാലം തെളിയിക്കുന്ന സത്യങ്ങൾ സന്തോഷിപ്പിക്കാറുണ്ട്.

ഐ.പി.സി.യിലെ ഇലക്ഷനിൽ എന്തു സംഭവിക്കുമെന്ന് പ്രവചിക്കാൻ കെൽപുള്ള ആരുമില്ല. എന്തും സംഭവിക്കാം എങ്ങനെയും കൂട്ടുകെട്ടുണ്ടാകാം. കാരണം ഇത് ഐ.പി.സിയാണ്.

എങ്കിലും ഉള്ളിന്റെയുള്ളിൽ ആഗ്രഹിക്കുന്നത് ഒരു നല്ല കൂട്ടുകെട്ടിനെയാണ്. ഉപദേശത്തിനു വേണ്ടി, അഴിമതിക്കെതിരെ, നവ പ്രവണതകൾക്കെതിരെ സത്യസന്ധവും ഉറച്ച നിലപാടുള്ളതുമായ നേതൃത്വം ഉണ്ടാകണം.

കാരണം ഐ.പി.സി എന്ന പ്രസ്ഥാനം തന്നെയാണ് ഭാരതത്തിലെ പെന്തക്കോസ്തിന് ദിശാബോധം നൽകേണ്ടത്.

ഭാഗ്യമോ നിർഭാഗ്യമോ ഇതുവരെയും നല്ല കൂട്ടുകെട്ടിനെ കാണുന്നില്ല. അതു കൊണ്ട് തന്നെ അവസരവാദികളെ പിന്തുണക്കാനും പറ്റുന്നില്ല. ജേണൽ ഇപ്പോൾ സമദൂര സിദ്ധാന്തമാണ് പിന്തുടരുന്നത്.കാരണം അന്ധമായി പിന്തുണക്കാൻ പറ്റിയ നേതാക്കന്മാരെ ആരെയും കാണുന്നില്ല

സ്വതന്ത്രനിരീക്ഷണങ്ങൾ നടത്തുന്നത് പഠന ശേഷം മാത്രമാണ്. പരിഭവത്തിന് കാരണമില്ല.

# ഇടയ ലേഖനങ്ങൾ (The Pastoral Epistles)



എഡിസൺ തോമസ്
വേങ്ങൂർ, 9961336353




–തുടർച്ച–

പൗലോസ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത് യജമാനൻ ക്രിസ്തുവിശ്വാസി, ദാസൻ വിജാതീയൻ, മറിച്ച് യജമാനൻ വിജാതീയൻ, ദാസൻ ക്രിസ്തു വിശ്വാസി രണ്ടായാലും പ്രശ്നങ്ങൾ ഉളവാകും. യജമാനനും ദാസനും ക്രിസ്തുവിശ്വാസികളായാലും പ്രശ്നം അവിശ്വാസികളായ ദാസന്മാർ വിശ്വാസികളായ യജമാനന്മാരെ മുതലെടുത്തു യജമാനന്റെ സ്നേഹം, ദയ, സഹായം തുടങ്ങിയവരെ ദാസന്മാർ കണക്കിലേറെ ദുരുപയോഗപ്പെടുത്തി. മറ്റു യജമാനന്മാരെപ്പോലെ വിശ്വാസികളായ യജമാനന്മാർക്കു അടിമകളോട് കാഠിന്യമായി ഇടപെടുവാൻ കഴിയുമോ? ക്രൈസ്തവ ധർമ്മമനുസരിച്ചും പ്രമാണമനുസരിച്ചും അടിമകളായ വിശ്വാസികൾക്കു യജമാനന്മാരോട് മത്സരിക്കുവാൻ കഴിയുമോ? സഭാ ആരാധനയിലും സഭാ കൂട്ടായ്മയിലും കർത്തൃമേശയിലും ഇരുകൂട്ടരും ഒരുമിച്ചു സംഗമിക്കുകയും സമ്മേളിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന മാനസിക സംഘർഷം ഊഹിക്കുവാൻ കഴിയുമോ? തീർച്ചയായും ഇത്തരം കാര്യങ്ങളും സംഭവങ്ങളും വലിയ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും സഭയിൽ ഉളവാക്കും. യജമാനനും ദാസനും സാഹോദര്യ മനോഭാവത്തിൽ ഇടപെടുമ്പോൾ പല കാര്യങ്ങളുടെയുംമേൽ കർത്തൃത്വം ചെയ്യുവാൻ കഴിയുകയില്ല. അത് ദൈനംദിന ഇടപാടുകളെയും പെരുമാറ്റങ്ങളെയും വലിയ ബുദ്ധിമുട്ടിലേക്കു എത്തിക്കും.

പൗലോസ് തിമൊഥെയൊസിനു നൽകുന്ന ഉപദേശം യജമാനന്മാരെ മാനിക്കാൻ ദാസന്മാരെ പ്രബോധിപ്പിക്ക, ജോലിയുമായുള്ള ബന്ധം ശുശ്രൂഷയിലും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. നമ്മെ ഏൽപ്പിച്ചിരിക്കുന്ന ജോലിയിൽ അവിശ്വസ്തത കാണിച്ചാൽ അത് സേവിക്കുന്ന ദൈവത്തിന്റെയും നാം പ്രസംഗിക്കുന്ന സുവിശേഷത്തിന്റെയും മഹത്വത്തിന് ഹാനി സംഭവിക്കും. വിശ്വാസികളായ യജമാനന്മാരോടു ദാസന്മാർക്കു ഈ രംഗത്ത് വലിയ കടപ്പാടുണ്ട്. ദാസന്മാർ ആരെ സേവിക്കുന്നുവോ അവർ സഹോദരന്മാരാണ് കഠിനാദ്ധ്വാനത്താലും ഏൽപ്പിച്ച ജോലിയിലുള്ള വിശ്വസ്തയാൽ അവർ വാസ്തവമായി ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയെ സഹായിക്കുകയാണ്. ജോലിയിൽ വ്യാപൃതരായവർ തൊഴിലിനോട് മാന്യതയും വിശ്വസ്തതയും കാണിക്കണം. യജമാനനോടു അവിശ്വസ്തത കാണിച്ചാൽ നാം ഏറ്റിരിക്കുന്ന ജോലിയിൽ പരാജയപ്പെട്ടാൽ ലോകം നാം നൽകുന്ന സന്ദേശത്തിനു ചെവികൊടുക്കുകയില്ല. അതുകൊണ്ട് വെറും ദൃഷ്ടി സേവചെയ്യുവാൻ ശ്രമിക്കാതെ തങ്ങളെക്കൊണ്ടുള്ള ഉപകാരം അനുഭവിക്കുന്നവർ വിശ്വാസികളും പ്രിയരും ആകകൊണ്ടു സേവിക്കുകയും ശുശ്രൂഷക്കുകയും അത്രെ വേണ്ടത്. ഇത് ശക്തമായി നീ ഉപദേശിക്കയും പ്രബോധിപ്പിക്കുകയും ചെയ്യുക.

ക്രൈസ്തവ വിശ്വാസമനുസരിച്ച് വിശ്വാസികൾ ജോലിയോടുള്ള അവരുടെ മനോഭാവം എങ്ങനെയായിരിക്കണം. യഹോവയായ ദൈവം മനുഷ്യനെ കൂട്ടുക്കൊണ്ടുപോയി ഏദെൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി. ഉല്പ. 2:15. അപ്പോൾ ജോലിയുടെ കാര്യത്തിൽ വിശ്വാസികൾ എത്രമാത്രം ആത്മാർത്ഥതയും സത്യസന്ധതയുള്ളവരും വിശ്വസ്തതയുള്ളവരുമായിരിക്കണം. ദാസന്മാർ യജമാനന്മാരെ സേവിക്കേണ്ടത് എപ്രകാരം ആയിരിക്കണം.

**1. അനുസരണത്തോടായിരിക്കണം:** എഫെ. 6:5, കൊലൊ. 3:22. അതായത് തന്റെ അധികാരികളെ കീഴ്പ്പെട്ടും അനുസരിച്ചും ഭംഗിയായി ഉത്തരവാദിത്വം അനുസരണത്തോട് ചെയ്യണം.

**2. പൂർണ്ണമായി സേവിക്കണം:** എഫെ. 6:5, കൊലൊ. 3:22.

**3. ബഹുമാനത്തോടെ,** എഫെ. 6:5 യജമാന്മാരെ ബഹുമാനിക്കേണ്ടത് ദാസന്മാരുടെ കടമയാണ്.

**4. ആത്മാർത്ഥതയോടും ആകാംക്ഷയോടും ശുശ്രൂഷിക്കണം.** എഫെ. 6:5, കൊലൊ. 3:22.

**5. ശ്രേഷ്ഠമായി (ഉന്നതമായി) ശുശ്രൂഷിക്കണം.** എഫെ. 6:5, കൊലൊ. 3:23 കർത്താവിന് എന്നവണ്ണം ശുശ്രൂഷിക്കണം.

**6. ഉത്സാഹത്തോടെ**–എഫെ.6:6, കൊലൊ. 3:23, മനുഷ്യരെ പ്രസാദിപ്പിക്കുവാനോ ബോധിപ്പിക്കുവാനോ ദൃഷ്ടി സേവ ചെയ്യുന്നവരോ ആയിരിക്കരുത്.

**7. താഴ്മയോടെ,** എഫെ. 6:6, കൊലെ. 3:23

**8. ആത്മികമായി,** എഫെ. 6:6

**9. ഭാവി ചിന്തയോടെ,** കൊലൊ. 3:24–25.

ശുശ്രൂഷകന്മാൻ എപ്പോഴും ദൈവവേലയായി കണ്ടുകൊണ്ടും കർത്താവിനുവേണ്ടി ശുശ്രൂഷിക്കുമ്പോൾ മാത്രമെ അതിന്റെ പൂർണ്ണതയും സന്തോഷവും ഉണ്ടാകുകയുള്ളൂ. 6: 3–10 വരെയുള്ള വാകൃങ്ങളിൽ ഒഴിവാക്കേണ്ടതായ ചില പ്രത്യേക വിഷയങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുകയാണ്.

**1. അന്യഥാ ഉപദേശം (വാക്യങ്ങൾ 3–5)**

അന്യഥാ ഉപദേശം എന്നു പറഞ്ഞാൽ ദുരുപദേശങ്ങളും ദുരുപദേശഷ്ടാക്കളും, പൊതുജന സമ്മതിക്കും അംഗീകാരത്തിനും സ്ഥാനമാനങ്ങൾക്കും സ്വാർത്ഥലാഭത്തിനുവേണ്ടി മാത്രം ഉപദേശങ്ങൾ കൊട്ടിഘോഷിച്ചു നടക്കുന്ന ഒരു കൂട്ടരുണ്ടായിരുന്നു, അവർ യേശു ക്രിസ്തുവിന്റെ പഥ്യവചനവും ഭക്തിക്കൊത്ത ഉപദേശവും അല്ലായിരുന്നു മുറുകെ പിടിച്ചിരുന്നത് ഇവർ തർക്കത്തിന്റെയും വാഗ്വാദത്തിന്റെയും ഭ്രാന്തുപിടിച്ചവർ വെറും വാഗ്വാദത്തിനായി തിരുവചനം വായിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നവരുണ്ട്. ഇവർ ഉദ്ദേശിക്കുന്നത് വിശ്വാസികളുടെയിടയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു സഭയെ രണ്ടായി വിഭജിക്കുകയും വിഘടിക്കുകയും ചെയ്യുകയെന്നതാണ്. ഇന്നും അങ്ങനെയുള്ള ധാരാളം പേരെ നമുക്കു കാണാൻ കഴിയും ഇവർ ജനങ്ങളെയും വിശ്വാസികളെയും കൈയിലെടുക്കുന്നത് മറ്റുള്ളവർ ശ്രദ്ധിക്കാത്തതും വലിയ ഊന്നൽ കൊടുക്കാത്തതുമായ വിഷയങ്ങളാണ്, ഈ നാളുകളിൽ ക്രിസ്തുവിന്റെ ആളത്വത്തെ ചോദ്യം ചെയ്യുന്നവർ മനുഷ്യത്വത്തെ തള്ളിപ്പറയുന്നവർ എന്നുവേണ്ടാ എന്തെല്ലാം കാര്യങ്ങളെ ചൂണ്ടികാണിച്ചു. ദൈവസഭയിൽ പ്രശ്നം ഉണ്ടാക്കുന്നവർ കുറവല്ലാ, ഇതു മുഖാന്തിരം ശണ്ഠ, ദൂഷണം....എന്നിങ്ങനെ പലതിനും ഹേതുവാകുന്നു.

(തുടരും...)

വീക്ഷണം

# യുദ്ധവും പ്രണയവും പെന്തെക്കോസ്തിന് ഭീഷണിയോ?



റോബിൻ ശാമുവേൽ,
തുവയൂർ

**2009** മുതൽ കേരളം കേൾക്കുകയും വളരെയധികം ചർച്ച ചെയ്യപ്പെടുകയും ചെയ്ത വിഷയമായിരുന്നു 'ലൗ ജിഹാദ്'. പ്രണയം നടിച്ച് അന്യമതസ്ഥരെ ഇസ്ലാമിലേക്ക് മതപരിവർത്തനം നടത്തിക്കുന്നുവെന്നും ഇത് 'ലൗ ജിഹാദാണെന്നും' മാധ്യമങ്ങൾ വാർത്ത പുറത്തുവിട്ടു. ഇതേതുടർന്ന് പോലീസ് അന്വേഷണങ്ങൾ പലതും നടന്നു. പല മാതാപിതാക്കളും തങ്ങളുടെ പെൺമക്കളെ മതപരിവർത്തനത്തിനിരയാക്കിയതായി പരാതിയുമായി വരികയും ചെയ്തു. അന്വേഷണങ്ങൾക്കൊടുവിൽ കേരളത്തിൽ 'ലൗ ജിഹാദില്ല' എന്ന തരത്തിലായിരുന്നു പോലീസ് റിപ്പോർട്ട്. എന്നാൽ സ്ഥാനമൊഴിഞ്ഞ ഡിജിപിയുടേതായി വന്ന ചില പരാമർശങ്ങൾ, ഇസ്ലാമിലേക്ക് മതപരിവർത്തനം നടത്തിയ അഖില എന്ന ഹാദിയയുടെ വിവാഹവും അതിനേ തുടർന്നുണ്ടായ കോടതി ഇടപെടലുകളും ലൗജിഹാദിനെപ്പറ്റിയുള്ള ചർച്ചകൾ വീണ്ടും സജീവമാക്കിയിരിക്കയാണ്.

'ലൗ ജിഹാദ്' എന്ന വിഷയം കേരളത്തിൽ ചർച്ചയായപ്പോൾ കേരളത്തിലെ പരമ്പരാഗത ക്രൈസ്തവ സഭാവിഭാഗങ്ങളിൽ നിന്നും ഇതിനെതിരെ ജാഗ്രത പുലർത്തുന്നതിന് ആഹ്വാനം ഉയരുകയുണ്ടായി. സ്ഥാപിത താല്പര്യക്കാർ 'ക്രിസ്ത്യൻ ഹെൽപ്പ് ലൈൻ' എന്നപേരിൽ സംഘപരിവാർ പിന്തുണയോടെ കൂട്ടായ്മകൾ വരെ രൂപീകരിച്ചു. വടക്കൻ കേരളത്തിലെ ഇസ്ലാമിക മതപരിവർത്തന കേന്ദ്രങ്ങളിൽ മതപരിവർത്തനത്തിനായി എത്തപ്പെടുന്ന പെൺകുട്ടികളിൽ നല്ല പങ്കും ക്രിസ്ത്യനികളാണ് എന്ന റിപ്പോർട്ടുകളും ഈ നീക്കത്തിന് ശക്തി പകർന്നു. എന്നാൽ പെന്തെക്കോസ്തിൽ ഈ വിഷയം അത്ര ജാഗ്രതയോടെ ചർച്ച ചെയ്യപ്പെട്ടിരുന്നില്ല. എന്നാൽ ഈയടുത്ത കാലത്തായി പെന്തെക്കോസ്ത് വിശ്വാസികളായ പെൺകുട്ടികൾ ഇസ്ലാമിലേക്കും മറ്റും പ്രണയബന്ധം കാരണമായി മതം മാറ്റം ചെയ്യപ്പെടുന്ന വാർത്തകൾ ആവർത്തിക്കപ്പെടുകയുണ്ടായി. ഇത്തരം വാർത്തകളെ പൊതുവെ ഒറ്റപ്പെട്ട സംഭവങ്ങളായി കണ്ട് തമസ്കരിച്ചിരുന്ന വിശ്വാസികൾ ഇപ്പോൾ അവിടവിടെ ആശങ്കകൾ ഉയർത്തി തുടങ്ങിയിട്ടുണ്ട്. സഭകളിലെ ആത്മീക കാര്യങ്ങളിലടക്കം മുൻനിരയിൽ നിന്നിരുന്ന പെൺകുട്ടികൾ എങ്ങനെ ഇത്തരം ചതിക്കുഴികളിൽ വീഴുന്നുവെന്ന ചർച്ചകളിൽ സഭകളും കുടുംബങ്ങളുമൊക്കെയാണ് പരക്കെ വിമർശിക്കപ്പെടുന്നത്. നേരെ മറിച്ച് ഇത്തരം 'വഴിതെറ്റലു' കൾക്കു പിന്നിലെ യഥാർത്ഥ കാരണം തിരയുന്നതിന് ആർക്കും വലിയ താല്പര്യമില്ല.

നവമാധ്യമങ്ങൾ വഴിയും (facebook etc) കോളജ് കാമ്പസുകൾ വഴിയും, പഠനത്തിനായി അന്യസംസ്ഥാനങ്ങളിലേക്കുള്ള പറിച്ചു നടൽ ജീവിതം വഴിയായൊക്കെയുമാണ് മിക്കവാറും പ്രണയത്തിന്റെ യുദ്ധക്കളത്തിൽ ഇരയാക്കപ്പെടുന്നത്. ഇരയാക്കപ്പെട്ടവർ ഒരു സുപ്രഭാതത്തിൽ കാമുകരോടൊപ്പം പുറപ്പെട്ടു പോകുമ്പോൾ ഞെട്ടിത്തരിക്കുന്നത് കുടുംബവും സഭയുമാണ്. പ്രണയത്തിന് ജാതിയും മതവുമൊന്നുമില്ലെന്ന് പറഞ്ഞ് ഈ സംഭവങ്ങളെ ലളിതവത്കരിക്കാനും പലരും ശ്രമിക്കാറുണ്ടെങ്കിലും ഇത്തരം പ്രണയ ബന്ധങ്ങളെ വ്യത്യസ്തമാക്കുന്ന ചില ഘടകങ്ങളുണ്ട്. ഒന്നാമതായി അടിയുറച്ച വിശ്വാസത്തിലും ദൈവഭക്തിയിലും നടക്കുന്നവർ എന്തുകൊണ്ടാണ് സത്യനിഷേധികളോടൊപ്പം ജീവിതം പങ്കുവെയ്ക്കാൻ തയ്യാറാകുന്നത്? രണ്ടാമതായി, ഇത്തരം പ്രണയബന്ധത്തിനിരയായവർ മതം മാറുകയും എന്നന്നേക്കുമായി സ്വകുടുംബത്തോട് വിടപറയുക കൂടി ചെയ്യുന്നതെന്തുകൊണ്ടാണ്?

വിശ്വാസികളും ദൈവഭക്തിയിൽ നില്ക്കുന്നവരുമായ പെൺകുട്ടികൾക്ക് വഴിതെറ്റുന്നതെന്തുകൊണ്ടാണെന്നതിന് കുറേ കാരണങ്ങൾ നിരത്താറുണ്ട് ആഗോളവത്കരണം ലോകത്തെ ഇന്ന് കൈവെള്ളയിലെത്തിച്ചിരിക്കയാണ്. ഉപഭോഗ സംസ്കാരത്തിന്റെ എല്ലാ ചേരുവകകളുമായി എല്ലാത്തരം മാധ്യമങ്ങളും ഇന്ന് എല്ലാ വീടുകളിലും ലഭ്യമാണ്. കൃത്യമായി പറഞ്ഞാൽ ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം വേണ്ടതും വേണ്ടാത്തതുമെല്ലാം തങ്ങളുടെ കൈയ്യെത്തുംദൂരത്ത് ലഭ്യമാണ്. ഇത്തരം മാധ്യമങ്ങളുടെ സ്വാധീനം നാം വിചാരിക്കുന്നതിനേക്കാൾ ഭയാനകരവുമാണ്. ഒരു ടൂത്ത് പേസ്റ്റോ സോപ്പോ വാങ്ങുന്നതിൽ തുടങ്ങി ഒരു വിഷയത്തിൽ നമ്മുടെ അഭിപ്രായം രൂപീകരിക്കുന്നതിൽപോലും മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. കോടതികളുടെ ഇടപെടലുകളെ സ്വാധീനിക്കാൻ കഴിയുന്ന രീതിയിൽ ഇന്ന് മാധ്യമ സംസ്കാരം വളർന്നിട്ടുണ്ട്.

ഇത്രയും വലിയ സ്വാധീനശേഷിയുള്ള മാധ്യമങ്ങൾ എന്തൊക്കെ തരം ചിന്തകളാണ് സമൂഹത്തിലേക്ക് അടിച്ചേൽപ്പിക്കുന്നത്. സ്വവർഗ്ഗവിവാഹം തെറ്റല്ല, വിവാഹപൂർവ്വ ബന്ധങ്ങൾ തെറ്റല്ല, ലിവിങ് ടുഗതറിൽ തെറ്റില്ല, പ്രണയബന്ധങ്ങളും പ്രണയവിവാഹവും ഒളിച്ചോട്ടങ്ങളുമൊന്നും തെറ്റല്ല തുടങ്ങി സാന്മാർഗികതയ്ക്ക് നിരക്കാത്തതിനെയെല്ലാം പൊതുവെ പിന്തുണയ്ക്കുകയും മഹത്ത്വവത്കരിക്കുകയും ചെയ്യുന്ന നിലപാടാണ് മാധ്യമങ്ങൾക്ക്. ചുംബന സമരത്തിന് നൽകിയ പിന്തുണ മുതൽ സരിതാ നായർക്ക് പ്രൈം ടൈമിൽ അഭിമുഖത്തിൽ പങ്കെടുക്കുന്നതിനു വരെ അവസരം നല്കിയത് മാധ്യമങ്ങളാണ്. പ്രൈം ടൈമുകളിലെ ടെലിവിഷൻ സീരിയലുകൾ പറയുന്ന കഥകൾ എപ്രകാരമാണ്? വഴിവിട്ട ബന്ധങ്ങളുടെ വ്യത്യസ്തവും വൈവിധ്യവുമായ സംഭവങ്ങൾ അവതരിപ്പിക്കുന്ന 'കഥയല്ലിത് ജീവിതവും' 'ജീവിതം സാക്ഷിയുമൊക്കെ' കുടുംബബന്ധങ്ങളുടെ കെട്ടുറപ്പിനെ പിന്തുണയ്ക്കുകയോ പ്രോത്സാഹിപ്പിക്കുകയോ അല്ല ചെയ്യുന്നത്.

വേറൊരു ഭാഗത്ത് ദൈവിശ്വാസവും ഭക്തിയുമൊക്കെ മോശമാണെന്ന ചിത്രീകരണവും തകൃതിയാണ്. ആൾ ദൈവങ്ങളെയും അന്ധവിശ്വാസങ്ങളെയും എതിർക്കുന്ന കൂട്ടത്തിൽ ദൈവവിശ്വാസത്തിനെതിരെ തന്നെ ചിന്തകൾ രൂപപ്പെടുത്തുകയാണ് മാധ്യമങ്ങൾ. ദൈവത്തിന്റെ ഇടപെടലുകളെക്കുറിച്ച് നാം വാചാലരാകാൻ ഇടയുള്ള എല്ലാ വിഷയങ്ങളിലും അത്തരം 'ദൈവീക ഇടപെടലുകളെ' ഒഴിച്ചു നിർത്തിയുള്ള ചിന്താധാര സൃഷ്ടിക്കുകയാണ് മാധ്യമങ്ങൾ. ഒരു ജീവിതമേയുള്ളൂവെന്നും അത് പരമാവധി ആസ്വദിക്കാനുള്ളതുമാണെന്ന ഉപഭോക്തൃ ആശയമാണ് മാധ്യമങ്ങൾ പകർന്നു നല്കുന്നത്. ഒരു പരിഷ്കൃത സമൂഹത്തിൽ ദൈവവിശ്വാസത്തിന് സ്ഥാനമില്ലെന്ന മട്ടിലാണ് മാധ്യമങ്ങൾ പെരുമാറുന്നത്. സുവിശേഷ ഘോഷണത്തിന് ടൈം സ്ലോട്ടുകൾ ചാനലുകളിൽ ലഭ്യമാകുന്നുവെങ്കിലും അതിന്റെ എത്രയോ പതിന്മടങ്ങാണ് കോമഡി പ്രോഗ്രാമുകളിലൂടെയും സിനിമ, ഇതര പരിപാടികളിലൂടെയും സുവിശേഷകൾക്കെതിരെയുള്ള ആക്ഷേപിക്കലായി പ്രക്ഷേപണം ചെയ്യപ്പെടുന്നത്.

ചുരുക്കത്തിൽ വഴിവിട്ട ബന്ധങ്ങളേയും ഒളിച്ചോട്ടങ്ങളെയും കുത്തഴിഞ്ഞ ജീവിത രീതിയെയുമൊക്കെ പ്രോത്സാഹിപ്പിക്കുന്ന അയഞ്ഞ നിലപാടാണ് മാധ്യമങ്ങളുടേത്. ഇത് ഏത് സാഹസത്തിനും യുവജനങ്ങളെ പ്രേരിപ്പിക്കുകയും പൊതുബോധം തങ്ങൾക്കൊപ്പമാണെന്ന ചിന്ത ജനിപ്പിക്കുകയും ചെയ്യുന്നു. ഈ കാരണങ്ങളാണ് ദൈവവഴിയിൽ 'അടങ്ങിയൊതുങ്ങി' കഴിഞ്ഞിരുന്നവർക്ക് ഒരു സുപ്രഭാതത്തിൽ എല്ലാ വിലക്കുകളെയും ലംഘിക്കുന്നതിനും, സത്യനിഷേധികളുടെ പാളയത്തിൽ എത്തുന്നതിനും കാരണമാകുന്നത്. സഭയേയും കുടുംബത്തേയും മാത്രം കുറ്റം പറഞ്ഞ് ഈ പ്രശ്നങ്ങളിൽ നിന്നും നമുക്ക് രക്ഷപ്പെടാനാവില്ലെന്നാണ് ആവർത്തിക്കുന്ന സംഭവങ്ങൾ തെളിയിക്കുന്നത്.

ഈ വിഷയത്തിൽ ഏറ്റവും ശക്തമായ പ്രതിരോധം തീർക്കാൻ കഴിയുക യുവജനസംഘടനകൾക്കാണ്. സഭയിലെ മുതിർന്നവരും ന്യൂ ജനറേഷനും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ചിന്തയിലും അറിവിലും ഇവർ വളരെ വ്യത്യസ്തരും 'അപ്ഡേറ്റഡു'മാണ് എന്നത് മനസിലാക്കുന്നതിനും അംഗീകരിക്കുന്നതിനും വിശ്വാസികൾക്ക് കഴിയേണ്ടതാണ്. പരമ്പരാഗത യുവജനക്യാമ്പുകളും താലന്തുപരിശോധനകളും ചില പുനഃപരിശോധനകൾക്ക് വിധേയമാക്കേണ്ടതാണ്. പുതിയകാലത്തെ യുവത നേരിടുന്ന വിഷയങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്ന ചർച്ചകളും, കൗൺസിലിംഗുമൊക്കെ ക്യാമ്പുകളിൽ നടത്തപ്പെടണം. മാധ്യമങ്ങൾ പൊതുവത്കരിക്കുകയും പൊതുസമൂഹത്തിന് സ്വീകാര്യമാകും തരത്തിൽ അവതരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന, പ്രണയം, വിവാഹപൂർവ്വ ബന്ധങ്ങൾ, സൈബർ ചതിക്കുഴികൾ തുടങ്ങി എല്ലാറ്റിനേയും സംബന്ധിച്ച ഗൗരവമാർന്ന ചർച്ചകൾ സഭകളിലെ യുവജനവേദികളിലും ഉയർന്നുവരേണ്ടതാണ്. എങ്കിൽ മാത്രമേ ഇത്തരം വിഷയങ്ങളിൽ യുവജനങ്ങൾ നേരിടുന്ന ആശയ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും ദൈവവചനാടിത്തറയിൽ ഉറച്ചു നിന്നുകൊണ്ട് ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനും കഴിയുകയുള്ളൂ. ഇന്ന് പ്രാർത്ഥനയിലും ദൈവവഴിയിലും അടിയുറച്ച് നില്ക്കാൻ ഇതവർക്ക് കരുത്ത് പകരുകയും ചെയ്യും. മറിച്ച് 'പ്രൈസ് ആന്റ് വർഷിപ്പ്' എന്ന പേരിൽ നടക്കുന്നത് മാത്രമാണ് പോംവഴി എന്ന തരത്തിൽ യുവജനങ്ങളെ വിലയിരുത്തി മുന്നോട്ടുപോയാൽ അവിശ്വാസത്തിന്റെ അധിനിവേശത്തിന് മൂകസാക്ഷിയാകേണ്ടിവരുമെന്ന് മാത്രമല്ല പെന്തെക്കോസ്ത് പൊതുസമൂഹത്തിൽ കാഴ്ചവസ്തുവായി മാറുകയും ചെയ്യും.

# ക്രിസ്തീയ സാഹിത്യ പത്രപ്രവർത്തക കൂട്ടായ്മയ്ക്കു തുടക്കമായി


തോമസ് വടക്കേക്കൂറ്റ്


കെ.എൻ. റസ്സൽ


ജെ. ജോസഫ്


വർഗീസ് മാത്യു


രാജു ആനിക്കാട്


ഷിബു കെ. മാത്യു


സാംകുട്ടി മാത്യു


മാത്യു പാലത്തുങ്കൽ


സന്തോഷ് ജോസഫ്


പീറ്റർ ജെയിംസ്

**കടുത്തുരുത്തി:** ക്രിസ്തീയ എഴുത്തുകാരുടെയും പത്രപ്രവർത്തകരുടെയും കൂട്ടായ്മയായ അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ തിങ്കേഴ്സിനു (ACT) തുടക്കമായി. സെപ്റ്റംബർ 25 ന് കടുത്തുരുത്തിയിലുള്ള ഐപിസി വൈക്കം സെന്ററിന്റെ ഓഫീസിൽ നടന്ന പ്രഥമ യോഗത്തിൽ വിവിധ ക്രൈസ്തവ പത്രങ്ങളുടെ ഭാരവാഹികളും എഴുത്തുകാരും സംബന്ധിച്ചു. കെ. എൻ. റസ്സൽ അധ്യക്ഷത വഹിച്ചു. പത്രപ്രവർത്തകരും എഴുത്തുകാരും നേരിടുന്ന വെല്ലുവിളികളെ ഒരുമിച്ചു നിന്ന് നേരിടുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു കൂട്ടായ്മ എന്ന നിലയിലാണ് ഇതാരംഭിക്കുന്നത് എന്നും സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കുകയും വളർന്നു വരുന്ന എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക എന്നിവയാണ് ലക്ഷ്യമെന്നും അദ്ധ്യക്ഷൻ പ്രസ്താവിച്ചു. രാജു ആനിക്കാട് ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചു. അനിൽ കൊടിത്തോട്ടം ചർച്ചകൾക്കു നേതൃത്വം നൽകി. രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളായി തോമസ് വടക്കേക്കൂറ്റ് (രക്ഷാധികാരി), കെ.എൻ. റസ്സൽ (പ്രസിഡന്റ്), ജെ. ജോസഫ്, വർഗീസ് മാത്യു (വൈസ് പ്രസിഡന്റുമാർ), രാജു ആനിക്കാട് (ജനറൽ സെക്രട്ടറി), ഷിബു കെ. മാത്യു (ട്രഷറാർ), സജി ഫിലിപ്പ് തിരുവഞ്ചൂർ (സെക്രട്ടറി), സാംകുട്ടി മാത്യു (പ്രസ് സെക്രട്ടറി), മാത്യു പാലത്തുങ്കൽ (മീഡിയാ കൺവീനർ), സന്തോഷ് ജോസഫ്, പീറ്റർ ജെയിംസ് (ഓൺലൈൻ കോഡിനേറ്റേഴ്സ്) എന്നിവരെയും കമ്മറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു. അംഗത്വത്തിനും കൂടുതൽ വിവരങ്ങൾക്കും, ബ്രദർ കെ.എൻ. റസ്സൽ - 9446571642, പാസ്റ്റർ രാജു ആനിക്കാട് - 9446187207.

# ഐ.പി.സി സ്റ്റേറ്റ് ശുശ്രൂഷക സമ്മേളനങ്ങൾ നവംബർ 14ന് തുടങ്ങും

**കുമ്പനാട്:** ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ സംസ്ഥാന ശുശ്രൂഷക സമ്മേളനങ്ങൾ കേരളത്തിന്റെ മൂന്ന് മേഖലകളിലായി 2017 നവംബർ 14 മുതൽ 23 വരെ നടക്കും. രണ്ടു ദിനങ്ങളായി മൂന്ന് സ്ഥലങ്ങളിൽ നടക്കുന്ന സമ്മേളനത്തിൽ "സഭാ വളർച്ച" എന്നതാണ് ചിന്താവിഷയം.

പ്രാദേശിക സഭാ വളർച്ചയുടെ തത്വങ്ങൾ അനുഭവമാക്കിയ പാസ്റ്റർ ഡി. മോഹൻ (ചെന്നൈ), റവ. രവി മണി (ബാംഗ്ലൂർ), പ്രമുഖ കൗൺസിലർ ഡോ. തോമസ് ഇടിക്കുള (യു.എസ്.എ) എന്നിവർ മുഖ്യപ്രഭാഷകരാകും. നവംബർ 14,15 തീയതികളിൽ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വായനാട്, കാസർകോട് ജില്ലകളിലെ പാസ്റ്റർമാർക്കായി നിലമ്പൂർ പാലുണ്ട ന്യൂഹോപ്പ് ബൈബിൾ കോളേജിലും, നവംബർ 20,21 തീയതികളിൽ തൃശൂർ, എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകൾക്കായി പെരുമ്പാവൂർ കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിലും, നവംബർ 22,23 തീയതികളിൽ ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകൾക്കായി അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിലും സമ്മേളനങ്ങൾ നടക്കും.

പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് ഉദ്ഘാടനം ചെയ്യും. വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല അധ്യക്ഷത വഹിക്കും. പാസ്റ്റർമാരായ കെ.സി. ജോൺ, തോമസ് ഫിലിപ്പ്, കെ.എം. ജോസഫ്, ബാബു ചെറിയാൻ, സണ്ണി കുര്യൻ, ബി. മോനച്ചൻ, വർഗീസ് ഏബ്രഹാം എന്നിവർ വിവിധ സെക്ഷനുകളിൽ ക്ലാസെടുക്കും. എല്ലാ മേഖലകളിലും രാവിലെ ഒൻപതിന് രജിസ്ട്രേഷൻ നടക്കും. ശുശ്രൂഷക സമ്മേളനത്തിൽ ഡിജിറ്റൽ ഡേറ്റാ ശേഖരിക്കുന്നതിനാൽ പാസ്റ്റർമാർ എല്ലാ സെക്ഷനുകളിലും നിർബന്ധമായും പങ്കെടുക്കണമെന്ന് സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ, ജോയിന്റ് സെക്രട്ടറി പാസ്റ്റർ സി.സി. ഏബ്രഹാം എന്നിവർ അറിയിച്ചു. ശുശ്രൂഷകന്മാരുടെ പഴയ ഐ.ഡി മാറ്റി നവീകരിച്ച ഐ.ഡി വാങ്ങാനുള്ള അവസാന തീയതി 2017 ഡിസംബർ 30 ആണെന്ന് സ്റ്റേറ്റ് പ്രസ്ബിറ്ററി തീരുമാനിച്ചിട്ടുണ്ട്.

# നോർത്ത് അമേരിക്ക ഐ.പി.സി. ഈസ്റ്റേൺ റീജിയൻ 27–ാമത് വാർഷിക കൺവൻഷൻ

●ഉമ്മൻ എബനേസർ തുമ്പമൺ



പാസ്റ്റർ തോമസ് ഫിലിപ്പ്

ഐ.പി.സി. ഈസ്റ്റേൺ റീജിയൻ 27–ാമത് വാർഷിക കൺവൻഷൻ വളരെ വിപുലമായ പരിപാടികളോടെ ന്യൂയോർക്കിൽ നടത്തുവാൻ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ഒക്ടോബർ 6,7,8 എന്നീ ദിവസങ്ങളിൽ വിസ്കാർടി സെന്ററിൽ വച്ചാണ് കൺവൻഷൻ നടക്കുന്നത്. ഒക്ടോബർ 6–ന് വെള്ളിയാഴ്ച വൈകിട്ട് ആരംഭിക്കുന്ന സമ്മേളനം ഞായറാഴ്ച നടക്കുന്ന സംയുക്ത ആരാധനായോഗത്തോടെ സമാപിക്കും. വെള്ളിയാഴ്ചയും ശനിയാഴ്ചയും വൈകിട്ട് 7 മണിക്ക് മീറ്റിംഗുകൾ ആരംഭിക്കും. ഞായറാഴ്ച സഭായോഗം രാവിലെ 9 മണിക്കാണ് ആരംഭിക്കുന്നത്.

മലയാളത്തിലും ഇംഗ്ലീഷിലും പ്രത്യേകമായ മീറ്റിംഗുകളാണ് സംഘാടകർ ക്രമീകരിച്ചിരിക്കുന്നത്. മലയാളം മീറ്റിംഗുകളിൽ ഇൻഡ്യയിൽ നിന്ന് കടന്നുവരുന്ന പാസ്റ്റർ തോമസ് ഫിലിപ്പ് (ഐ.പി.സി. ജനറൽ ജോയിന്റ് സെക്രട്ടറി) വചനശുശ്രൂഷ നിർവ്വഹിക്കും. ദൈവ കരണങ്ങളിൽ ശക്തമായി പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്ന അനുഗ്രഹിതനായ ഉണർവ്വുപ്രസംഗകനാണ് പാസ്റ്റർ തോമസ് ഫിലിപ്പ്.

ഒക്ടോബർ 6–ന് വെള്ളിയാഴ്ച വൈകിട്ട് നടക്കുന്ന പ്രഥമ സമ്മേളനം റീജിയൻപ്രസിഡന്റ് റവ. ഡോ. ഇട്ടി ഏബ്രഹാം ഉത്ഘാടനം ചെയ്യുന്നതാണ്. ശനിയാഴ്ച രാവിലെ 10 മണിക്ക് സെമിനാറും ഉച്ച കഴിഞ്ഞ് സണ്ടേസ്കൂളിന്റേയും മീറ്റിംഗും ക്രമീകരിച്ചിട്ടുണ്ട്. ഞായറാഴ്ച പകൽ നടക്കുന്ന സംയുക്ത ആരാധനയോടു ചേർന്ന് നടക്കുന്ന തിരുവത്താഴശുശ്രൂഷയിൽ പങ്കെടുക്കുവാൻ റീജിയനിലുള്ള വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വിശ്വാസികളും ശുശ്രൂഷകരും എത്തിച്ചേരുന്നതാണ്. മാസച്ചൂസറ്റ്സ്, കണറ്റിക്കട്ട്, ന്യൂയോർക്ക്, ന്യൂജേഴ്സി, പെൻസിൻവേനിയ, മേരിലാന്റ് എന്നീ സംസ്ഥാനങ്ങളും വാഷിംഗ്ടൺ ഡിസിയും ഉൾപ്പെട്ടതാണ് ഐ.പി.സി. ഈസ്റ്റേൺ റീജിയൻ കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി കൺവൻഷൻ കമ്മറ്റിയും ഭരണസമിതിയും സജീവമായി പ്രവർത്തിച്ചുവരുന്നു. മലയാളം മീറ്റിംഗുകളിൽ റീജിയൻ മലയാളം ക്വയർ ഗാനങ്ങൾ ആലപിക്കുന്നതാണ്. പി.വൈ.പി.എ.യുടെ പ്രവർത്തനങ്ങൾ ബ്രദർ സാമുവേൽ തോമസിന്റെയും സണ്ടേസ്കൂളിന്റെ പ്രവർത്തനങ്ങൾ ഇവാ. ജെയിംസ് വറുഗീസിന്റെയും സഹോദരിമാരുടെ പ്രവർത്തനങ്ങൾ സിസ്റ്റർ സോഫി വറുഗീസിന്റെയും നേതൃത്വത്തിൽ നടക്കും.

## യുവജനങ്ങൾക്കുവേണ്ടി പ്രത്യേക മീറ്റിംഗുകൾ

ഐ.പി.സി. ഈസ്റ്റേൺ റീജിയൻ കൺവൻഷനിൽ യുവജനങ്ങളേയും കുട്ടികളേയും ഉദ്ദേശിച്ച് പ്രത്യേകമായ മീറ്റിംഗുകളാണ് സംഘാടകർ ക്രമീകരിച്ചിരിക്കുന്നത്. ഈ വർഷത്തെ യുവജനമീറ്റിംഗുകളിൽ റവ. ഗ്ലെൻ ബഡോഷ്കിം.



വചനശുശ്രൂഷ നിർവ്വഹിക്കുന്നതാണ്. യുവജനങ്ങളുടെ ഇടയിൽ ദൈവം ശക്തമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന യുവജനപ്രസംഗകനാണ് റവ. ബഡോഷ്കിം. കൂടാതെ യുവജന മീറ്റിംഗുകളിൽ ഗാനശുശ്രൂഷ ചെയ്യുന്നത് ബ്രദർ മനോജ് ഉമ്മനാണ്. വിവിധ മീറ്റിംഗുകളിൽ റീജിയനിൽപെട്ട ശുശ്രൂഷകരും യുവജനനേതാക്കളും നേതൃത്വം നൽകും. ഇംഗ്ലീഷിൽ നടക്കുന്ന മീറ്റിംഗുകളെക്കുറിച്ച് കൂടുതൽ അറിയുവാൻ പി.വൈ.പി.എ. ഭാരവാഹികളുമായി ബന്ധപ്പെട്ടാലും ബ്രദർ സാമുവേൽ തോമസ് പ്രസിഡന്റ് പി. വൈ. പി. എ.യുടെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കുക. www.pypa.org

# വൈ പി ഇ മലബാർ ക്യാമ്പ് സമാപിച്ചു




**ബത്തേരി(വയനാട്):** ഇന്ത്യ പൂർണ സുവിശേഷ ദൈവ സഭ കേരളാ സ്റ്റേറ്റിന്റെ യുവജനവിഭാഗമായ വൈ പി ഇ മലബാർ ക്യാമ്പ് സമാപിച്ചു. സെപ്റ്റംബർ 29, 30 തീയതികളിൽ സുൽത്താൻ ബത്തേരി പ്രതീക്ഷ പാസ്റ്ററൽ സെന്ററിൽ നടന്ന ക്യാമ്പിൽ മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് 220 പേർ പങ്കെടുത്തു. അനേകം യുവതി യുവാക്കൾ ദൈവത്തിനായി സമർപ്പിച്ചു. ക്യാമ്പ് മലബാറിലെ ദൈവസഭയുടെ പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവ്വ് നൽകിയിരിക്കുകയാണ്. 29 ന് രാവിലെ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി ബ്ര. മാത്യു ബേബി അധ്യക്ഷത വഹിച്ചു. സംസ്ഥാന അധ്യക്ഷൻ പാസ്റ്റർ എ. റ്റി ജോസഫ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് കോർഡിനേറ്റർ പാസ്റ്റർ റോബിൻ സി റോയ് സ്വാഗതവും. പാസ്റ്റർ സി. ഐ തോമസ് നന്ദിയും അറിയിച്ചു. സ്റ്റേറ്റ് ട്രഷറാർ ടോം ടി ജോർജ്ജ് സങ്കീർത്തനം വായിച്ചു. തുടർന്ന് വിവിധ സെഷനുകളിലായി ബ്ര. സജിൻ ബാംഗ്ലൂർ, റവ. ജോൺസൻ തേക്കടി, പാസ്റ്റർ തോമസ് മാത്യു സി കോട്ടയം, പാസ്റ്റർ അഭിലാഷ് എ പി തിരുവനന്തപുരം, ബ്രദർ അലൻ എന്നിവർ ക്ളാസുകൾ നയിച്ചു. കുട്ടികൾക്കായി പ്രത്യേക പ്രോഗ്രാമുകളും ഗെയ്മുകളും ഉണ്ടായിരുന്നു. ക്യാമ്പ് കോർഡിനേറ്റർ പാസ്റ്റർ ജെയിംസ് പി ജെ ഡിസ്ട്രിക്ട് പാസ്റ്റർമാരായ വി ടി എബ്രഹാം, ക്രിസ്റ്റഫർ ടി രാജു, ജോജി മിഖായേൽ, ബാബുകുട്ടി, ഇമ്മാനുവേൽ , ബിനു കെ. ചെറിയാൻ തുങ്ങിയവർ പ്രസംഗിച്ചു പാസ്റ്റർ ഡെന്നിസ് വർഗീസ്, പാ:ഗ്ലാഡ്സൺ ജോൺ തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ജിജി വി റ്റി, ജെബ്ബേസ്, റോഹൻ റോയി എന്നിവരുടെ നേതൃത്വത്തിൽ വൈ. പി.ഇ സ്റ്റേറ്റ് ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർമാരായ കെ.വി ജോസഫും, റെജി ടി രാജും പ്രാർത്ഥനാ സെഷൻസ് നയിച്ചു. 30 ന് നടന്ന സമാപന സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് പാ: എ. റ്റി ജോസഫ് സമാപന സന്ദേശം നൽകി. എസ്. എസ്. എൽ. സി പ്ലസ്സ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവരെ ആദരിച്ചു. പാ: ഷാജി സിസിലിന്റെ നേതൃത്വത്തിൽ സോണൽ കമ്മറ്റിയും. വൈ.പി. ഇ സ്റ്റേറ്റ് ബോർഡും ക്യാമ്പിന് നേതൃത്വം നൽകി.

# സിൽവർ ജൂബിലി ചെറുവക്കൽ കൺവൻഷൻ

## ഡിസംബർ 24 മുതൽ 31 വരെ

**ചെറുവക്കൽ:** ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ വേങ്ങൂർ സെന്ററിന്റെയും കിളിമാനൂർ ഏരിയയുടെയും ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന ചെറുവക്കൽ കൺവൻഷൻ ഡിസംബർ 24 മുതൽ 31 വരെ ചെറുവക്കൽ ന്യൂ ലൈഫ് സെമിനാരിയിൽ വച്ച് നടത്തപ്പെടും. സെന്റർ ശുശ്രൂഷകൻ റവ. ഡോ. ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ ജോൺസൺ മേമന, പാസ്റ്റർ അജി ആന്റണി, പാസ്റ്റർ അനീഷ് ഏലപ്പാറ, പാസ്റ്റർ പി.സി. ചെറിയാൻ, പാസ്റ്റർ വർഗ്ഗീസ് എബ്രഹാം, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ സുരേഷ് ബാബു, പാസ്റ്റർ കെ. ജോയി എന്നിവർ വചനം ശുശ്രൂഷിക്കുകയും പത്തനാപുരം ശാലേം വോയ്സ് ഗാന ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്യുമെന്ന് സെക്രട്ടറി പാസ്റ്റർ ജിനു ജോൺ, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ബിനുമോൻ എം. അറിയിച്ചു.

E-mail: beljourn@gmail.com/ Website: www.beljourn.com
Office: 0469 2666 995

# ന്യൂ ലൈഫ് ക്രൂസേഡ് സമാപിച്ചു

**ഹൂസ്റ്റൺ:** അമേരിക്കയിലെ ഹൂസ്റ്റൺ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇന്റർ നാഷണൽ ന്യൂ ലൈഫ് മിനിസ്ട്രിയുടെ 30–ാമത് ന്യൂ ലൈഫ് ക്രൂസേഡ് സമാപിച്ചു. സെപ്റ്റംബർ 1, 2, 3 തീയതികളിൽ ഹൂസ്റ്റൺ പട്ടണത്തിലും വച്ച് ക്രൂസേഡുകൾ നടത്തപ്പെട്ടു. ന്യൂ ലൈഫ് മിനിസ്ട്രി സ്ഥാപക പ്രസിഡന്റ് റവ.ഡോ. ജോൺസൺ ഡാനിയേൽ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. ഒക്ടോബർ 11, 12, 13 തീയതികളിൽ ഒക്കലഹോമ സിറ്റിയിലും 18, 19, 20 തീയതികളിൽ അറ്റ്ലാന്റയിലും 25, 26, 27 തീയതികളിൽ ഡാളസ് പട്ടണത്തിലും നടക്കുന്ന ക്രൂസേഡുകളിൽ റവ. ജോൺസൺ മേമന, പാസ്റ്റർ മനോജ് കുഴിക്കാല, സിസ്റ്റർ ലിസി ജോൺസൺ എന്നിവർ വചന ശുശ്രൂഷ നിർവ്വഹിക്കുകയും ന്യൂ ലൈഫ് വോയ്സ് സംഗീത ശുശ്രൂഷകൾക്ക് നേതൃത്വം നല്കുകയും ചെയ്തു.

# ഐപിസി മിഡ് വെസ്റ്റ് റീജിയൻ കൺവൻഷന് അനുഗ്രഹ സമാപ്തി




**ഒക്കലഹോമ:** സംയുക്ത ആരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ 30ാമത് ഐ.പി.സി. മിഡ് വെസ്റ്റ് റീജിയൻ കൺവൻഷൻ സെപ്തംബർ 3ന് ഞായറാഴ്ച സമാപിച്ചു.

സെപ്റ്റംബർ 1ന് വെള്ളിയാഴ്ച പ്രസിഡന്റ് പാസ്റ്റർ ഷാജി ഡാനിയേൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ഒക്കലഹോമ സിറ്റിക്കടുത്തുള്ള ബിൽറ്റ് മോർ ഹോട്ടലിൽ നടന്ന പ്രാരംഭ ദിവസത്തെ മീറ്റിംഗിൽ വൈസ് പ്രസിഡന്റ് പാസ്റ്റർ കെ. വി. തോമസ് അദ്ധ്യക്ഷത വഹിച്ചു. വിവിധ മീറ്റിംഗുകളിൽ പാസ്റ്റർ കെ. ജെ. തോമസ് (കുമളി), പാസ്റ്റർ ജെറിൻ തോമസ് (കാനഡ), സിസ്റ്റർ സൂസൺ ജോർജ് (ബോസ്റ്റൺ), സിസ്റ്റർ മേരി മാത്യു (രാജസ്ഥാൻ) എന്നിവർ മുഖ്യ അതിഥിപ്രസംഗകരായിരുന്നു. കൂടാതെ പാസ്റ്റർ ചാക്കോ ജോർജ്ജ്, പാസ്റ്റർ റ്റി. എസ്. ഏബ്രഹാം ഡാളസ് പാസ്റ്റർ സാബു വർഗീസ്, പാസ്റ്റർ ഷാജി ദാനിയേൽ എന്നിവരും വിവിധ മീറ്റിംഗുകളിൽ സംസാരിച്ചു. ശനിയാഴ്ച രാവിലെ നടന്ന മീറ്റിംഗിൽ പാസ്റ്റർ ജിജി തെക്കേടത്ത്, വൈകിട്ട് നടന്ന മീറ്റിംഗിൽ പാസ്റ്റർ ബേബി വർഗീസ്, ഞായറാഴ്ച നടന്ന സംയുക്ത ആരാധനയിൽ പാസ്റ്റർ ജോർജ് സി. വർഗീസ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. ഞായറാഴ്ച നടന്ന കർത്തൃമേശയ്ക്ക് പാസ്റ്റർ ബേബി വർഗീസ് നേതൃത്വം നൽകി. യുവജന മീറ്റിംഗിന് ബ്രദർ വെസ്ലി ആലുംമൂട്ടിലും, ലേഡീസ് മീറ്റിംഗിന് സിസ്റ്റർ എൽസി കൊടുന്തറയും നേതൃത്വം നൽകി. പാസ്റ്റർമാരായ ഷാജി ദാനിയേൽ (പ്രസിഡന്റ്), കെ. വി. തോമസ് (വൈസ് പ്രസിഡന്റ്), പി. സി. ജേക്കബ് (സെക്രട്ടറി), ബ്രദർ എസ്. പി. ജെയിംസ് (ജോയിന്റ് സെക്രട്ടറി), ബ്രദർ ജോസ് സാമുവേൽ (ട്രഷറാർ) എന്നിവർ കൺവൻഷന് നേതൃത്വം നൽകി.

# നേർവീഥി പവർ കോൺഫറൻസ്

**ചാലക്കുടി:** ചാലക്കുടി, കൊരട്ടി മേഖലകളിലെ ദൈവസഭകളുടെ ആഭിമുഖ്യത്തിൽ നേർവീഥി പാസ്റ്റേഴ്സ് ഫാമിലി പവർ സെമിനാർ ചാലക്കുടി എൽ.ഐ.സി. ഓഫീസിന് സമീപമുള്ള സുരക്ഷാഭവനിൽ നടക്കുന്നു. ഒക്ടോബർ 16,17 തീയതികളിൽ രാവിലെ 9.30 മുതൽ 5.30 വരെ നടക്കുന്ന സെമിനാറിൽ പാസ്റ്റർ ജോയി എം. തോമസ് (ഭോപ്പാൽ) ദൈവവചനം ശുശ്രൂഷിക്കുകയും ക്ലാസ്സുകൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. നേർവീഥി ഔട്ട് റീച്ച് കോർഡിനേറ്റർ പാസ്റ്റർ ലിജോ മാത്യുവിന്റെ നേതൃത്വത്തിൽ കർത്തൃദാസന്മാരായ പ്രകാശ് ജോൺ, എൻ. ഡി. ജോൺസൺ, വർഗീസ് ജോസഫ്, കെ. എം. ബർന്നബാസ്, വി. വി. സേവ്യർ, ഷാജി ചാക്കോ, ബേബി ചെറിയാൻ, ജിസ്മോൻ ജോർജ്ജ്, ജൂഡിയ എന്നിവർ വിവിധ കമ്മറ്റികളിൽ പ്രവർത്തിക്കുന്നു.

# ഉപവാസ പ്രാർത്ഥന

**കീഴൂർ:** ഐ.പി.സി. കർമ്മേൽ കീഴൂർ സഭയുടെ ചുമതലയിൽ 2017 ഒക്ടോ. 9 –29 വരെ (21 ദിവസം) വീടുകളിലും, സഭയിലുമായി ഉപവാസ പ്രാർത്ഥനയും, ഉണർവ്വുയോഗങ്ങളും നടക്കും. പാസ്റ്റർ ഷാജി കുമ്പളപ്പള്ളിൽ നേതൃത്വം നൽകും. പാസ്റ്റർമാരായ സുരേഷ് കീഴൂർ, സുനിൽ വേട്ടമല, സി. വി. മോൻസി, രാജൻ കൊരട്ടി, ലിനു കെ. ജോൺ തുടങ്ങിയവർ പ്രസംഗിക്കും.

# ശുശ്രൂഷക സമ്മേളനം

**പുനലൂർ:** ഐ.പി.സി. പുനലൂർ സെന്റർ ശുശ്രൂഷക സമ്മേളനം സെപ്റ്റംബർ 23ന് വിളക്കുടി ബെരേഖാ ഹാളിൽ നടന്നു. സെന്റർ സെക്രട്ടറി പാസ്റ്റർ റോയി ജോൺ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വൈ. പ്രസിഡന്റ് പാസ്റ്റർ ബിജു റ്റി. ഫിലിപ്പ് ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർ എ. ഏബ്രഹാം പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

# ഭാരവാഹികൾ

**കീഴൂർ:** ഐപിസി കുറവിലങ്ങാട് സെന്റർ ഭാരവാഹികളെ തെരഞ്ഞെടുത്തു. പാസ്റ്റർമാരായ സുരേഷ് കീഴൂർ (പ്രസിഡന്റ്), ഷാജി കുമ്പളപ്പള്ളിൽ (വൈസ് പ്രസിഡന്റ്), സാമുവേൽ പി. ചാക്കോ (സെക്രട്ടറി), ബ്രദർ എം. സി. ഷാജി (ജോ. സെക്രട്ടറി), ബ്രദർ എ. ജെ. ദേവസ്യ (ട്രഷറാർ).

**തിരുവനന്തപുരം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് വൈപിഇയുടെ സൗത്ത് സോൺ ഭാരവാഹികളെ തെരഞ്ഞെടുത്തു. വലിയതുറ ചർച്ച് ഓഫ് ഗോഡ് സഭയിൽ നടന്ന സോണൽ കമ്മറ്റിയിൽ പാസ്റ്റർ വൈജുമോൻ വെങ്കടമ്പ് (സോണൽ കോ–ഓഡിനേറ്റർ), ബ്ര.വിനോദ് എ. വി മണ്ണന്തല (സെക്രട്ടറി), ബ്ര. കുമാർ കള്ളിമൂട് (ട്രഷറർ), ബ്ര. എബി ഉറിയാക്കോട് (ജോയിന്റ് സെക്രട്ടറി).

## ചോദ്യോത്തരവേദി

# യേശുവിന് കൊടുത്ത പ്രലോഭനം

***ചോദ്യം:*** "ഒന്നാമത്തെ മനുഷ്യൻ ഭൂമിയിൽ നിന്ന് മണ്ണുകൊണ്ടുള്ളവൻ ആകുന്നു; രണ്ടാമത്തെ മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ളവൻ ആകുന്നു" (1 കൊരി. 15:47). ഒന്നാമത്തെ മനുഷ്യനായ ആദാമിന് സാത്താൻ കൊടുത്ത പ്രലോഭനം പോലെ രണ്ടാമത്തെ മനുഷ്യനായ യേശുക്രിസ്തുവിനും അതേ രീതിയിലുള്ള പ്രലോഭനം കൊടുത്ത് ദൈവഹിതത്തിന് എതിരാക്കാൻ ശ്രമിക്കാമായിരുന്നില്ലേ? **– അനുമോൻ തോമസ്, കറുകച്ചാൽ**



**ജോർജ്ജ് ഫിലിപ്പ് തെക്കേക്കര**

***ഉത്തരം:*** ശരീരത്തിന്റെ ആഗ്രഹം, കണ്ണുകളുടെ മോഹം, ജീവിതത്തിന്റെ പ്രതാപം (അഹന്ത) ഇതെല്ലാമാണ് ഒരു മനുഷ്യനെ ഈ ലോകത്തിലെ ജീവിതത്തിൽ പ്രലോഭിപ്പിക്കുന്നത് (1 യോഹ.2:16). ഒന്നാമത്തെ ആദാമിന് കൊടുത്ത പ്രലോഭനത്തിൽ, വൃക്ഷഫലം കാണുവാൻ ഭംഗിയുള്ളതായിരുന്നുവെന്നും, ഭക്ഷിക്കുവാൻ നല്ലതെന്നും, ഭക്ഷിച്ചാൽ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെയാകും എന്നുള്ള വസ്തുതയാണ് സാത്താൻ അവതരിപ്പിച്ചത് (ഉല്പ.3:5,6). അതിൽ കൺമോഹവും, ജഡമോഹവും, ജീവനത്തിന്റെ പ്രതാപവും അടങ്ങിയിട്ടുണ്ട്.

അതുപോലെതന്നെ **വിശന്നിരുന്ന മനുഷ്യനായ ക്രിസ്തുവിനോട്** കല്ല് അപ്പമായിത്തീരുവാൻ കല്പിക്കാൻ ഉപദേശിക്ക വഴി സാത്താൻ **ശരീരത്തിന്റെ ആഗ്രഹമായ വിശപ്പടക്കൽ** നിറവേറ്റപ്പെടാൻ പ്രലോഭിപ്പിച്ചു (ലൂക്കോസ് 4:1–3).

ലോകത്തിലെ സകലരാജ്യങ്ങളും, രാജ്യങ്ങളുടെ മഹത്വവും കാണിച്ചിട്ട്, അത് നല്കാം എന്നുള്ള വാഗ്ദാനത്തിൽ **കൺമോഹം ജനിപ്പിക്കാൻ ശ്രമിച്ചു** (മത്തായി 4:8–11).

വളരെ ഉയരമുണ്ടായിരുന്ന യെരുശലേം ദൈവാലയത്തിന്റെ അഗ്രഭാഗത്തിന് താഴേക്ക് ചാടി പരുക്കൊന്നുമില്ലാതിരിക്കുകയാണെങ്കിൽ, പ്രസിദ്ധനായി **പ്രതാപം കാട്ടാം** എന്നുള്ള വാഗ്ദാനമായിരുന്നു മൂന്നാമത്തേത്. കർത്താവിനെ യെരുശലേം ദൈവാലയത്തിന്റെ അഗ്രത്തിൽ നിർത്തിക്കൊണ്ട് "നിന്നെക്കുറിച്ച് അവൻ തന്റെ ദൂതന്മാരോട് കല്പിക്കും; അവൻ നിന്റെ കാൽ കല്ലിൽ തട്ടാതിരിക്കത്തക്കവണ്ണം നിന്റെ കൈകളിൽ താങ്ങിക്കൊള്ളും എന്ന് എഴുതിയിരിക്കുന്നവല്ലോ" എന്നു പറഞ്ഞ് യേശുവിനോട് താഴോട്ടു ചാടുവാൻ ആവശ്യപ്പെട്ടു. 91–ാം സങ്കീർത്തനത്തിന്റെ 11,12 വാകൃങ്ങൾ ഉദ്ധരിക്കുന്നു എന്ന ഭാവേന പിശാച് "നിന്റെ എല്ലാ വഴികളിലും നിന്നെ കാത്തു സൂക്ഷിക്കേണ്ടതിന്" എന്ന മർമ്മപ്രധാനമായ 11–ാം വാകൃത്തിലെ ഭാഗം വിട്ടുകളഞ്ഞു. അനുദിന ജീവിതത്തിലെ സ്വാഭാവികമായ എല്ലാ വഴികളിലും തന്റെ മക്കളെ തന്റെ മഹത്വത്തിനുവേണ്ടി കാത്തു സൂക്ഷിക്കുമെന്നുള്ള ഉറപ്പാണ് ദൈവം നൽകുന്നത്. എന്നാൽ സ്വന്തം മഹത്വം അന്വേഷിച്ച്, താനുമായി ഇടപെടുന്നവർക്കെല്ലാം നഷ്ടവും ദുഃഖവുമുണ്ടാക്കിക്കൊണ്ട് തട്ടിപ്പും വെട്ടിപ്പും നടത്തി പ്രതാപിയാകാനുള്ള വഴികളിൽ നടക്കുമ്പോൾ സൂക്ഷിക്കുമെന്നല്ല ദൈവം അരുളിച്ചെയ്തിരിക്കുന്നത് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്.

# ഐ.പി.സി. വെസ്റ്റ് ബംഗാൾസ്റ്റേറ്റ് പാസ്റ്റേഴ്സ് കോൺഫ്രൻസ്



**കൊൽക്കത്തെ:** ഇന്ത്യ പെന്തക്കോസ്തുദൈവസഭ വെസ്റ്റ് ബംഗാൾസ്റ്റേറ്റിന്റെ 8–ാമതു പാസ്റ്റേഴ്സ് കോൺഫറൻസ് സെപ്റ്റംബർ 4,6 തീയതികളിൽ നടത്തപ്പെട്ടു. ഈ വർഷം രണ്ടുമേഖലകളിലായാണ് ശുശ്രൂഷക സമ്മേളനം ക്രമീകരിച്ചിരുന്നത്. ബംഗാളിന്റെ വടക്കൻ ജില്ലകളിലെ ശുശ്രൂഷകന്മാർക്കായി സെപ്റ്റംബർ 4ന് മാൽഡ ചീനിദന ഐ.പി.സി. ഇമ്മാനുവേൽ ഹാളിലും തെക്കൻ ജില്ലകളിലെ ശുശ്രൂഷകന്മാർക്കായി കൊൽക്കത്ത കബർഡങ്ങ ഡി.എഫ്. ബ്ലൈൻഡ് സ്കൂളിലുമായി സമ്മേളനങ്ങൾ നടത്തപ്പെട്ടു. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ പി.എ. കുര്യൻ, സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ഫിന്നി പാറയിൽ, പാസ്റ്റർ ജോൺ റ്റി. മാത്യു (ഐ.പി.സി. ദോഹ) എന്നിവർ പ്രസംഗിച്ചു. കൂടാതെ പാസ്റ്റർന്മാരായ ജോസഫ് ജോയി, ബിനു ദേവസ്യ, ബാബുസണ്ണി, ഷിജുമാത്യു, റോബിൻ വർഗീസ്, ബ്രദർമാത്യു മത്തായി, പ്രമോദ് പി ജോർജ്ജ്, ജോൺസൺ എബ്രഹാം എന്നിവർ ശുശ്രൂഷിച്ചു. ഐ.പിസി ദോഹ മിഷൻ ബോർഡ് അംഗങ്ങൾ ഈ സമ്മേളനങ്ങളിൽ അതിഥികളായിരുന്നു. ബംഗാളിന്റെ വടക്കൻ മേഖലയിലുള്ള മാൽഡ – ദിനാജ്പൂർ ജില്ലകളെ ദത്തെടുത്തുകൊണ്ട് സഭാസ്ഥാപനത്തിനും സാമൂഹ്യസേവനത്തിനുമുള്ള തീരുമാനം ഐ.പി.സി. ദോഹ മിഷൻ ബോർഡ് കൈകൊണ്ട് പ്രവർത്തനത്തിന് തുടക്കം കുറിച്ചു.

## 01 വിദേശകാര്യ മന്ത്രാലയ....

01

കളിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വിധിന്യായങ്ങൾക്ക് വിരുദ്ധമാണ് ഈ പുസ്തകം എന്ന് ശിവശങ്കർ മേനോൻ അഭിപ്രായപ്പെട്ടു.

എന്നാൽ നെഹ്റുവിന്റെ നൂറാമത്തെ ജന്മദിനം കോൺഗ്രസ് ഭരിക്കുന്ന സമയങ്ങളിൽ വിവിധ ഗവൺമെന്റ് വകുപ്പുകൾ ആഘോഷിച്ചിരുന്നു എന്ന് വിദേശകാര്യ വകുപ്പിന്റെ മുൻ ഉദ്യോഗസ്ഥർ മാധ്യമങ്ങളോട് പറഞ്ഞു.

അടിയന്തരാവസ്ഥ കാലത്തും ഇതുപോലെയുള്ള സർക്കാർ വക പ്രചാരണകൾ ഉണ്ടായിരുന്നു എന്ന് ചരിത്ര–രാഷ്ട്രീയ നിരൂപകർ പറയുന്നു.

# വടകോട് കൺവൻഷൻ

ഇൻഡ്യ ദൈവസഭാ കൊട്ടാരക്കര ഡിസ്ട്രിക്ടിന്റെയും വടകോട് സഭയുടെയും സംയുക്താഭിമുഖ്യത്തിൽ വടകോട് ദൈവസഭാ ഗ്രൗണ്ടിൽ സെപ്റ്റംബർ 27,28 തീയതീകളിൽ സുവിശേഷ യോഗങ്ങൾ നടന്നു. ഡിസ്ട്രിക്ട് പാസ്റ്റർ ഏബ്രഹാം മാത്യു ഉദ്ഘാടനം ചെയ്തു. പാ: റെജി ശാസ്താംകോട്ടാ, പാ: ഫിന്നി ജോസഫ്, പുത്തൂർ പാ: പി കെ മാത്യു എന്നിവർ പ്രസംഗിച്ചു.റിവൈവൽ സിംഗേഴ്സ് കൊട്ടാരക്കര ഗാനശുശ്രൂഷ നിർവഹിച്ചു. പാ: കുഞ്ഞുമോൻ പാപ്പച്ചൻ, പാ: തോമസ് ജോർജ് തുടങ്ങിയവർ നേതൃത്വം നൽകി.



# നിത്യതയിൽ



**എടത്വ:** ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് സീനിയർ ശുശ്രൂഷകൻ എടത്വ മനയിൽ ഇരുപത്താറിൽ പസ്റ്റർ ഇ. എം കുരുവിള (ബേബിച്ചൻ–75) നിത്യതയിൽ പ്രവേശിച്ചു. പരമ്പരാഗത ഓർത്തഡോക്സ് കുടുംബത്തിൽ ജനിച്ചു വളർത്തപ്പെട്ട ദൈവദാസൻ 16–ാം വയസ്സിൽ യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിക്കുകയും 19–ാം വയസ്സിൽ സ്നാനപ്പെടുകയും ചെയ്തു. ന്യൂ ഇൻഡ്യാ ദൈവസഭയുടെ സണ്ടേസ്കുൾ ഡയറക്ടറും, കുട്ടനാട് സെന്റർ ശുശ്രൂഷകനും, സഭയുടെ കേന്ദ്ര സംസ്ഥാന കൗൺസിൽ അംഗവുമായിരുന്നു. 1958–ൽ കുക്ക് സായ്പ്പിന്റെ കാലത്ത് മുളക്കുഴ മൗണ്ട് സയോൺ സെമിനാരിയിൽ പഠനത്തിനായി ചേർന്നു. പഠനം ശേഷം ചർച്ച് ഓഫ് ഗോഡിന്റെ ശുശ്രൂഷകനായി കീക്കോഴൂർ, എറണാകുളം, അതിരുങ്കൽ, ഇടമൺ, മേപ്രാൽ, മഴുക്കീർ എന്നീ സഭകളുടെ ശുശ്രൂഷകനായി. ആ സമയത്ത് കാരാഴ്മാ, ആനപ്രമ്പാൽ ബൈബിൾ സ്കൂളുകളിൽ അദ്ധ്യാപകനുമായിരുന്നു. ദൈവസഭയുടെ കൗൺസിൽ അംഗമായും ഡിസ്ട്രിക്ട് പാസ്റ്ററായും സേവനം ചെയ്തു. തുടർന്ന് ചർച്ച് ഓഫ് ഗോഡുമായി ബന്ധം വേർപെടുത്തി. പെന്തക്കോസ്തൽ അസംബ്ലി എന്ന സ്വതന്ത്ര സഭാ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കുകയും കോട്ടയം, റാന്നി തുടങ്ങിയ സ്ഥലങ്ങളിൽ സഭ സ്ഥാപിക്കുകയും ചെയ്തു. 1984 മുതൽ ചിങ്ങവനം ആസ്ഥാനമായ ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സഭയുമായി ചേർന്ന് റാന്നി ബഥേൽ, തൈമറവുംകര, അഞ്ചാനി, ചങ്ങനാശേരി, ഇരുവള്ളിപ്ര തുടങ്ങിയ സ്ഥലങ്ങളിൽ സഭകൾ സ്ഥാപിച്ചു. തുടർന്ന് സ്വദേശമായ എടത്വയിൽ സഭ സ്ഥാപിച്ച് സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത് വരുകയായിരുന്നു. ചങ്ങനാശേരി, റാന്നി, തിരുവല്ല, കോട്ടയം, മൂന്നാർ, കൊല്ലം തുടങ്ങിയ സെന്ററുകളുടെ ശുശ്രൂഷകനായും പ്രവർത്തിച്ചു. താൻ കർതൃസന്നിധിയിൽ ചേർക്കപ്പെടുന്ന സമയം വരെ എടത്വ ഉൾപ്പെടുന്ന കുട്ടനാട് സെന്ററിന്റെ പ്രഥമ സെന്റർ പാസ്റ്ററായും പ്രവർത്തിച്ചു. 25ന് നടന്ന ന്യൂ ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് സഭാ ആസ്ഥാനമായ ചിങ്ങവനം ബെഥേസ്ഥ നഗറിലെ എത്തിക്കുകയും ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു. ഭവനത്തിലെ ശുശ്രൂഷകൾക്ക് സഭാ ശുശ്രൂഷകനും സെമിത്തേരിയിലെ ശുശ്രൂഷകൾക്ക് ന്യൂ ഇൻഡ്യ ചർച്ച് ഓഫ് ഗോഡ് സഭാ പ്രസിഡന്റ് പാസ്റ്റർ വി. എ തമ്പിയും നേതൃത്വം നല്കി. സമൂഹത്തിന്റെ നാനതുറയിൽ പെട്ട അനേകരും ധാരാളും ദൈവദാസന്മാരും ഭവനത്തിലും സെമിത്തേരിയിലും എത്തി അനുശോചനം അറിയിച്ചു. ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ സഭയെ പ്രതിനിധികരിച്ച് ഓവർസിയർ ഭവനത്തിലും സെമിത്തേരിയിലുമെത്തി അനുശോചനം രേഖപ്പെടുത്തി. ഭാര്യ : റെയ്ച്ചൽ കുരുവിള. മക്കൾ: ഹെപ്സി, അക്സ, പ്രിസ്ക (മൂവരും യുഎസ്എ). പാസ്റ്റർ ഫിന്നി കുരുവിള (അദ്ധ്യാപകൻ ഇൻഡ്യ ബൈബിൾ കോളേജ് ആൻഡ് സെമിനാരി, കുമ്പനാട്). മരുമക്കൾ: ഏഴംകുളം കണിയാംപറമ്പിൽ സാം തോമസ്, റാന്നി കോടംകണ്ടത്തിൽ തോമസ് കെ. ജോർജ്, ഓതറ തൈമറവുംകര വാലിയിൽ വി. ഓ ജോൺസൻ (മൂവരും യുഎസ്എ). പാക്കിൽ അമരപറമ്പിൽ ഷീമോൾ.



**സി.എം.മാത്യു (88)**

**റാന്നി:** ഐ.പി.സി.സംസ്ഥാന കൗൺസിൽ അംഗവും എരുമേലി സെന്റർ ശുശ്രൂഷകനുമായ പാസ്റ്റർ തോമസ് മാത്യു ചാരുവേലിയുടെ പിതാവ് ചാരു വേലിൽ സി.എം.മാത്യു (87) നിത്യതയിൽ പ്രവേശിച്ചു.സെപ്റ്റംബർ 14 ന് ഭവനത്തിലെ ശുശ്രുഷകൾക്ക് ശേഷം ബഥേൽ പ്ലാച്ചേരി സെമിത്തേരിയിൽ സംസ്കരിച്ചു. ഭവനത്തിൽ പാസ്റ്റർ ഏബ്രഹാം ജോണും സെമിത്തേരിയിൽ പാസ്റ്റർ കെ.സി.തോമസും ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭാര്യ എഴുമറ്റൂർ പേനാലിൽ പരേതയായ മറിയാമ്മ. മറ്റു മക്കൾ കുഞ്ഞുമോൾ, സി. എം.മാത്യു, രാജു, സി.എം.ജോർജുകുട്ടി, മരുമക്കൾ: പരേതനായ ജോർജ് വർഗ്ഗീസ് ,വത്സമ്മ, ജെസ്സി, റോസമ്മ, മേഴ്സി.



**പുൽപ്പള്ളി**-ശശിമല ഏ.ജി. സഭാംഗം പള്ളിപ്പാട്ട് മറിയക്കുട്ടി 98 സെപ്റ്റംബർ 14–ന് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം തിരുവാലി ഏ. ജി. സഭാ സെമിത്തേരിയിൽ നടത്തി. പാസ്റ്റർ പി. പി. മാത്യു ശുശ്രൂഷകൾ നിയന്ത്രിച്ചു. പാസ്റ്റർ പി. എം. ജോർജ്ജുകുട്ടി സംസ്കാരം ശുശ്രൂഷ നടത്തി. പരേത പുൽപ്പള്ളി ഏ. ജി. സഭയിലെ ആദ്യകാല വിശ്വാസി ആയിരുന്നു. കഴിഞ്ഞ 15 വർഷമായി തിരുവാലി ബഥേൽ ആശ്രമത്തിൽ വിശ്രമ ജീവിതം നയിച്ചു വരികയായിരുന്നു. പാസ്റ്റർമാരായ ഇ. വി. പീലിക്കുഞ്ഞ്, പ്രകാശ് സ്റ്റീഫൻ, മാത്യു ലാൽ, ഇ. എം. ചെറിയാൻ, ബിജു തോമസ്, ബിജോയി ആശ്രമത്തിലെ മുൻ പ്രസിഡന്റ് സിസ്റ്റർ ഏലിയാമ്മ ജേക്കബ് എന്നിവർ പ്രസംഗിച്ചു. സഭാ വ്യത്യാസമെന്യേ പാസ്റ്റേഴ്സും വിശ്വാസികളും സഹകരിച്ചു. മക്കൾ: തോമസ്, ശാന്ത. മരുമക്കൾ: ലൂസി.

## 08 സാമ്പത്തിക അധപതനം: ....

ബിലിറ്റി റിപ്പോർട്ട് വ്യക്തമാക്കി. യുകെയിൽ നിന്ന് അയർലണ്ടിലേക്ക് ആസ്ഥാനം മാറ്റാൻ നിരവധി ധനകാര്യ സ്ഥാപനങ്ങൾ തയ്യാറെടുത്ത് കഴിഞ്ഞു. യു.കെയിലെ 100 പ്രമുഖ കമ്പനികളുടെ ഓഹരി നിലവാരം കുത്തനെ താഴ്ന്ന സ്ഥിതി ഈ വർഷം തുടക്കത്തിൽ തന്നെ പ്രകടമായിരുന്നു.യുഎസ് ഉൾപ്പെടെയുള്ള രാജ്യങ്ങൾ യുകെയിൽ നിക്ഷേപം നടത്തുന്നുന്നതിന് മടി കാണിച്ച് തുടങ്ങി. ലോകമെങ്ങും ഉറ്റു നോക്കുന്ന മറ്റൊരു കേന്ദ്രമാണ് റഷ്യ. റഷ്യയുടെ സാമ്പത്തീകവും ആകെ വിറങ്ങിലിച്ച അവസ്ഥയിലാണ്.കടുത്ത സാമ്പത്തീക മാന്ദ്യത്തെ തുടർന്ന് പിടി എത്താത്ത ഉയരത്തിലേക്ക് വിലകൾ കുതിച്ചു കയറാൻ തുടങ്ങി. മാർക്കറ്റുകളിലെ സാമ്പത്തീക ഇടിവു നിമിത്തം ബാങ്കുകൾ പലിശ നിരക്ക് ആറര ശതമാനം ഉയർത്തി. ലോകത്തിലെ വൻ ശക്തിയാകാനുള്ള ശ്രമം റഷ്യക്ക് വരുത്തി വച്ചത് വൻ സാമ്പത്തീക ബാദ്ധ്യതയാണ്. ഉക്രൈൻ പിടിച്ചടക്കാനുള്ള ശ്രമം, ക്രെമിയ എന്ന ബാദ്ധ്യത, ലോക മാർക്കറ്റിൽ എണ്ണയുടെ വില കൂപ്പുകുത്തിയത് എല്ലാ സാമ്പത്തീക തകർച്ചക്ക് ആക്കം കൂട്ടി. റൂബിളിന്റെ വില ഡോളർ വിലയുമായി തുലനം ചെയ്തപ്പോൾ നാല്പതുശതമാനത്തോളം ഇടിഞ്ഞു. റഷ്യൻ സാമ്പത്തീക നയത്തിലുള്ള വിശ്വാസ്യത തകരുന്നതോടെ ആഗോള നിക്ഷേപം സമീപകാലത്തൊന്നും ആ രാജ്യത്തേക്ക് വരാനിടയില്ല. 614 ബില്ല്യൺ ഡോളർ കടംകൊടുത്തിട്ടുള്ള ബാങ്കുകളും അങ്കലാപ്പിലാണ്. ഇതെല്ലാം പ്രവചന നിവൃത്തീകരണമാണ്. ചാവു കടലിലെ നിക്ഷേപത്തിനായി ലോക രാജ്യങ്ങൾ എത്തണം അതിനു മുമ്പായി സാമ്പത്തീക അരാജകത്വം ഇവിടെ സംഭവിക്കണം അത് നമ്മുടെ കൺ മുമ്പിൽ കാണുകയല്ലേ. സമയം അടുത്തു എന്ന് മനസ്സിലാക്കാം.

## നവി മുംബൈ പെന്തെക്കോസ്തൽ ഫെലോഷിപ്പ് സിൽവർ ജൂബിലിയുടെ നിറവിൽ

**മുംബൈ:** നവി മുംബൈ പെന്തെക്കോസ്തൽ ഫെലോഷിപ്പിന്റെ സിൽവർ ജൂബിലി ആഘോഷവും സംയുക്ത ആരാധനയും സുവനീർ പ്രകാശനവും നവി മുംബൈയിലെ നെരൂളിൽ വച്ച് നടത്തപ്പെട്ടു. നവി മുംബൈ പെന്തെക്കോസ്തൽ ഫെലോഷിപ്പിന്റെ പ്രസിഡന്റ് പാസ്റ്റർ കെ. സി. ജേക്കബിന്റെ അധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർ സാം മത്തായി (മുംബൈ) ദൈവവചനത്തിൽ നിന്ന് സംസാരിച്ചു. സുവനീറിന്റെ പ്രകാശനം റവ. വി. ഐ. യോഹന്നാൻ (സൂപ്രണ്ട് അഎ്വ ണഉഇങ) പാസ്റ്റർ സാം മത്തായിക്ക് നൽകി നിർവ്വഹിച്ചു. നവി മുംബൈയിലെ 45–ൽ പരം സഭകളിൽ നിന്നായി ആയിരത്തോളം വിശ്വാസികൾ സംയുക്ത ആരാധനയിൽ പങ്കെടുത്തു. മുംബൈയിലെ ആദ്യകാല പെന്തെക്കോസ്തൽ ഫെലോഷിപ്പ് ആയ നവി മുംബൈ പെന്തെക്കോസ്തൽ ഫെലോഷിപ്പിന്റെ പ്രസിഡന്റായി പാസ്റ്റർ കെ. സി. ജേക്കബും, സെക്രട്ടറിയായി എം. എം. വർഗീസും പ്രവർത്തിക്കുന്നു.

## 01 പെന്തക്കോസ്ത്.....

ക്കോസ്ത് ദൈവസഭ കേന്ദ്ര തലത്തിൽ നിന്നും ഈ വിഷയത്തിൽ നിയമപരമായ സഹായങ്ങൾക്കായി രാഷ്ട്രീയ ഇടപെടലും നടത്തിയിരുന്നു. രാജ്യസഭാ ഡപ്യൂട്ടി ചെയർമാൻ പി.ജെ. കുര്യൻ ആവശ്യപ്പെട്ടത് അനുസരിച്ച് ആഭ്യന്തരമന്ത്രി രാജ്നാഥ് സിംഗ് അന്വേഷണം ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നു. ഈ സംഭവത്തിൽ കൂടുതൽ പേർ പങ്കാളികളാണോ എന്ന് അന്വേഷിക്കുകയാണ് പോലീസ്. ദൈവജനത്തിന്റ പ്രാർത്ഥനയുടെ ശക്തിയാണ് ഇതിലൂടെ തെളിയുന്നത്. ദൈവജനത്തിന്റെ പ്രാർത്ഥന കേട്ട് മറുപടി നല്കി തരുന്ന ദൈവം ഇന്നും ജീവിക്കുന്നു എന്നും തന്റെ ജനത്തിന്റെ വിടുതലനായി തക്ക സമയത്ത് ആ ദൈവം പ്രവർത്തിക്കുമെന്നും ഒരിക്കൽ കൂടെ ഈ സംഭവം തെളിയിക്കുന്നു. സഭാ സംഘടനാ വ്യത്യാസമില്ലാതെ രാജ്യാന്തരതലങ്ങളിൽ പോലും അനേകായിരം വിശ്വാസ സമൂഹങ്ങൾ ഒരുമിച്ച് കൈകോർത്തുപിടിച്ച് ഒരു മനസ്സോടെ വിഷയത്തിന് വേണ്ടി പ്രാർത്ഥിച്ചതിന്റെ ഫലമാണ് ഈ വിഷയത്തിൽ കാണാൻ കഴിഞ്ഞത്. ആ കുടുംബത്തിന്റെ കണ്ണുനീരിനും ബന്ധുമിത്രാദികളുടെ നിലവിളിക്കും ഒപ്പം വിശ്വാസ സമൂഹവും പ്രാർത്ഥനയിൽ ഒരുമിച്ച് കൂടുകയായിരുന്നു. സോഷ്യൽ മീഡിയകൾ, നവമാധ്യമങ്ങൾ ഈ വിഷയം വളരെ ശക്തമായ നിലയിൽ പ്രചരിപ്പിക്കുകയും പ്രാർത്ഥനയ്ക്ക് വേണ്ടി ആവശ്യം ഉന്നയിക്കുകയും ചെയ്തു. അനേകരുടെ പ്രാർത്ഥനയുടെ ഫലമായി ദൈവത്തിന്റെ അത്ഭുത പ്രവർത്തി ഈ വിഷയത്തിൽ ഉണ്ടാകുകയും പരിക്കുകളോ ദുഖകരമായ യാതൊന്നും വരാതെ യുവാവിനെ മോചിപ്പിക്കാൻ കഴിഞ്ഞു എന്നുള്ളത് വലിയൊരു ദൈവപ്രവർത്തിയാണ്.


CHURCH OF GOD
UMM Al Quwain (UAE)
WORSHIP
Friday 11am - 1.30pm
COTTAGE MEETING
Saturday 8pm - 9.30pm
E-mail: churchofgoduae@gmail.com





Pr. Binu Thomas
Ph: 00971-505516735
Pr. John Koshy
Ph: 00971-559270602

Patmos Ministries India
ഭാരത സുവിശേഷീകരണത്തിനായി അണിചേരു • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും
പ്രാർത്ഥനയ്ക്കായി വിളിക്കൂ
പത്മോസ് പ്രയർ ടവർ
തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959
Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 19

BELIEVERS JOURNAL

PUBLISHED ON 10/10/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105
Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

ഉൾക്കാഴ്ചകൾ

# ബ്രദറൺ ആകുലതകൾ – ഒരു തുറന്നെഴുത്ത്



അനിൽ കൊടിത്തോട്ടം

മഹാകവി കെ.വി.സൈമൺ, വൈ.എസക്കിയേൽ, ഇലന്തൂർ തെക്കേതിൽ സാമുവൽ, എം.ഇ. ചെറിയാൻ, ഇ.പി.വർഗ്ഗീസ്, വി.റ്റി.മത്തായി, ജി. സുശീലൻ, തിരുവട്ടാർ കൃഷ്ണൻകുട്ടി തുടങ്ങി പ്രതിഭാധനരായ പൂർവ്വീകരുടെ നിര കൊണ്ട് സമ്പന്നമായ ഒരു സമൂഹമായിരുന്നു വേർപാട് പ്രസ്ഥാനം. ഇന്ന് ആ നിരയിൽ ചാണ്ടപ്പിള്ള ഫിലിപ്പ്, പി.എസ്. തമ്പാൻ, ജോസ് മാങ്കുടി, ജോൺസൺ സി.ഫിലിപ്പ്, ഒ.ജെ.ജോൺ, ഡോ.ഒ.എം. സാമുവൽ തുടങ്ങി പ്രഭാഷണരംഗത്തും എഴുത്തിലും അദ്ധ്യാപനത്തിലും സജീവമായി ഇടപെടുന്ന ചിലരുമുണ്ട്. സാമൂഹ്യമാധ്യമങ്ങളിൽ മാന്യവും ആധികാരികമായി കുറിപ്പെഴുതുകയും ക്ലാസ്സുകളിലും സംവാദങ്ങളിലും പങ്കുകൊള്ളുന്ന ഞങ്ങളുടെ പ്രിയ സ്നേഹിതൻ ഇ.എസ്. തോമസ് അവറുകളെയും സ്മരിക്കുന്നു. ബ്രദറൺ ഉപദേശമോ, പെന്തക്കോസ്ത് പഠിപ്പിക്കലോ ഏതാണ് വസ്തുതാപരമെന്ന് ഇനിയും ഉറപ്പിച്ചിട്ടില്ലാത്ത ഇനിയൊരിക്കലും ഉറപ്പിക്കാത്ത ഈ വിഷയത്തിൽ മൗനം അവലംബിക്കുവാൻ മാത്രം കഴിയുന്ന ബഹുമാന്യനായ ജെ.സി.ദേവ് സാറാണ് പ്രതിഭാധനനായ ഒരു ബ്രദറുകാരൻ.

മറുവശത്ത് പെന്തക്കോസ്ത് ആശയസമ്പന്നരായ പ്രതിഭാധനരുടെ നിരയാണെന്നോ കുറ്റമറ്റ ഒരു സംവിധാനമാണെന്നോ എനിക്കഭിപ്രായമില്ല. അതുകൊണ്ടുതന്നെ സ്വന്തം കുടുംബം എന്ന നിലയിൽ മറ്റേതൊരു പ്രസ്ഥാനത്തെക്കാളും ഞാൻ പെന്തക്കോസ്തിനെ വിമർശിച്ചിട്ടുണ്ട്. വിശേഷിച്ചും അതിലെ നേതൃനിരയെ. ബ്രദറൺ–പെന്തക്കോസ്ത് സംവാദം കഴിഞ്ഞതോടെ സ്ഥലജലവിഭ്രമം സംഭവിച്ച ചില ബ്രദറൺ ന്യൂജനറേഷൻ ഫേസ് ബുക്ക് ആക്ടിവിസ്റ്റുകൾ വല്ലാതെ കലിപൂണ്ടിരിക്കുന്നു. സഭ്യതയുടെ അതിർലംഘിച്ചുള്ള സംസ്കാരശൂന്യരായ ഇവരിൽ ചിലരെ ബ്ലോക്കു ചെയ്തും, ഫെയ്ക്ക് ഐ.ഡി.കളെ ഒഴിവാക്കിയും മുന്നോട്ടു പോകയാണ്.

ഏതാനും നാളുകൾക്കപ്പുറത്ത് വേദവിപരീതമായ പാപശാസ്ത്രം അവതരിപ്പിച്ചും തെറ്റുപറ്റിയിട്ട് ഉരുണ്ടുകളിച്ചും ന്യൂജനറേഷൻ പ്രവണതകളിൽ നിലപാടുമാറ്റം നടത്തിയും വിവാദം സൃഷ്ടിച്ച ബാബുചെറിയാന്റെ കാഴ്ച്ചപ്പാടുകളെ രൂക്ഷമായി ഈ ഉള്ളവൻ വിമർശിക്കുകയും ആയത് പി.വൈ.പി.എ. ചർച്ചയ്ക്കെടുക്കുകയും ഒടുവിൽ എന്നെ ബഹിഷ്ക്കരിക്കാൻ വിജ്ഞാപനം നടത്തുകയും ചെയ്തിരുന്നു. അക്കാലത്ത് ഹൈദ്രബാദ് സംസ്ഥാന പി.വൈ.പി.എ. എയർടിക്കറ്റ് നൽകി പ്രോഗ്രാമിന് ക്ഷണിച്ചു. കേരളത്തിലെ നിരവധി സെന്റർ പി.വൈ.പി.എ.കൾ ഇവിടെയും ക്യാമ്പുകളിൽ ക്ഷണിച്ചു. ചുരുക്കത്തിൽ പി.വൈ.പി.എ.യുടെ നടപടി പ്രായോഗികമായി ഫലം കണ്ടില്ല. എന്നാൽ വിവാദങ്ങൾ അനാവശ്യമാണെന്നും അഭിപ്രായഭിന്നതകൾ എന്തായിരുന്നാലും അത് കലഹപൂർണ്ണമായ അന്തരീക്ഷത്തിൽ പര്യവസാനിക്കരുതെന്നും സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളിൽ ചിലർ നിർദ്ദേശം വച്ചു. ഐ.പി.സി. പ്രസിഡന്റ് പാസ്റ്റർ കെ.സി. തോമസ് പ്രസ്ബിറ്ററി അംഗം രാജു ആനിക്കാട് എന്റെ മാതൃസഭാ പാസ്റ്ററും പ്രസ്ബിറ്ററി അംഗവുമായ സുനിൽ വേട്ടമലയും, പി.വൈ.പി. എ. പ്രസിഡന്റ് ബ്രദർ. സുധി കല്ലുങ്കലുമായും ചർച്ച നടത്തി പ്രശ്നപരിഹാരം വരുത്തി.

ഐപിസി നേതൃത്വമടക്കം പെന്തക്കോസ്ത് സഭകളിലെ നേതൃനിരയെ ഞാൻ നന്നായി വിമർശിച്ചിട്ടുണ്ട്. അതും പേരു പരമാർശിച്ച് തന്നെ. എന്നാൽ ഇനിമേലിൽ ഇങ്ങനൊന്നും ചെയ്യില്ല എന്ന നിലപാട് എടുത്തുകൊണ്ട് ഞാൻ ആർക്കോ കീഴടങ്ങിയെന്ന മട്ടിൽ സാമൂഹ്യമാധ്യമങ്ങളിൽ ബ്രദറുകാരിലെ ചിലർ പ്രചരണം നടത്തുകയാണ്. പെന്തക്കോസ്ത് നേതാക്കന്മാരെക്കുറിച്ചുള്ള എന്റെ പൊതുകാഴ്ചപ്പാട് ഇവിടെ ആവർത്തിക്കുന്നു. ഒരു നേതാവിനെയും ദൈവം അവരോധിച്ചതല്ല. അവർ കേവലം സൊസൈറ്റിയുടേയോ ചാരിറ്റബിൾട്രസ്റ്റിന്റേയോ തലപ്പത്ത് ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ടവർ മാത്രമാണ്. അവരുടെ വചനവിപരീത കാഴ്ചപ്പാടുകളേയോ അധികാര മോഹങ്ങളെയോ ന്യായീകരിക്കേണ്ട യാതൊരുബാധ്യതയും ഒരു പെന്തക്കോസ്ത് വിശ്വാസിക്കുമില്ല. ഇവരെ വിമർശിച്ചാൽ ആകാശം ഇടിഞ്ഞുവീഴുമെന്നും ഞങ്ങളാരും കരുതുന്നില്ല. ഇതിനർത്ഥം എന്നും ഇവരെ വിമർശിച്ചുകൊണ്ടിരിക്കണമെന്നുമല്ല. ഇവർ നോക്കിയാൽ ദൈവം എഴുന്നേൽപ്പിച്ച ആരെയും ഒതുക്കാനോ തകർക്കാനോ സാധിക്കയുമില്ല.

നേതൃനിരയെ അന്നും ഇന്നും വിമർശിച്ചുപോന്ന എന്റെ ചില പുതിയ നിയോഗങ്ങൾ ഞാൻ തിരിച്ചറിയുന്നു. ആഭ്യന്തര പ്രതിസന്ധികളെ നിരൂപണം ചെയ്യുമ്പോൾത്തന്നെ ബാഹ്യവെല്ലുവിളികളെ നേരിടുകയും വേണം. ബ്രദറൺ, യഹോവസാക്ഷികൾ, ശാബത്കാർ, തങ്കു അനുഗാമികൾ തുടങ്ങി സമാന്തരപ്രസ്ഥാനങ്ങൾ ഉയർത്തുന്ന ചോദ്യങ്ങളെ നേരിടുന്നത് എന്റെ ധർമ്മവും ഉത്തരവാദിത്വവുമാണെന്ന് കരുതുന്നു. ഞങ്ങളുടെ വാദങ്ങളെ വാക്യംകൊണ്ട് നേരിടാൻ ത്രാണിയുള്ള ബ്രദറുകാരുണ്ടെങ്കിൽ ദയവായി അവർ അഭിമുഖസംഭാഷണങ്ങൾക്ക് തയ്യാറാകട്ടെ. ബ്രദറുകാരിലെ വികാരജീവികൾ സാമൂഹ്യമാധ്യമങ്ങളിൽ നടത്തുന്ന നഷ്ടബോധാധിഷ്ഠിതമായ ജല്പനങ്ങളെ ഇതിനപ്പുറത്ത് പ്രതിരോധിക്കാൻ താൽപ്പര്യമില്ല. സംവാദത്തിനും ചർച്ചയ്ക്കും മനസ്സുള്ളവർ അതിന് വേദിയുണ്ടാക്കുക. ഞങ്ങൾ വരാം. ഇല്ലെങ്കിൽ ഞങ്ങൾ വേദിയുണ്ടാക്കാം. നിങ്ങൾ വരൂ....

ലേഖനം

# സാമ്പത്തിക അധപതനം: ക്ഷാമത്തിന്റെ മുന്നോടിയോ



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709, 7561800305

പുറത്തു വരുന്ന ഏറ്റവും പുതിയ കണക്കുകൾ ന്ലകി തരുന്ന വസ്തുത നമ്മുടെ രാജ്യം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്ന എന്നാണ്. അതുകൊണ്ടാണ് അടൽ ബിഹാരി വാജ്പേയി മന്ത്രി സഭയിലെ ധനമന്ത്രിയായിരുന്ന യശ്വന്ത് സിൻഹ സർക്കാരിന്റെ സാമ്പത്തിക നയങ്ങളെ കടുത്ത ഭാഷയിൽ വിമർശിച്ചത്. മുന്നൊരുക്കമില്ലാതെ നോട്ടു നിരോധനം നടപ്പിലാക്കിയതും, വളരെ പെട്ടെന്ന് ചരക്കു സേവന നികുതി നടപ്പിലാക്കിയതും രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ പിന്നോട്ടടിച്ചു. നോട്ടു നിരോധനം നിമിത്തം 105 പേർ ആത്മഹത്യ ചെയ്യുകയും, ലേബർ ബ്യൂറോയുടെ കണക്ക് അനുസരിച്ച് ഒരു ലക്ഷത്തി അൻപത്തിരണ്ടായിരം പേരുടെ തൊഴിൽ നഷ്ടമാകുകയും, പതിനെണ്ണായിരം കർഷകർ ആത്മഹത്യ ചെയ്യുകയും, മൂന്ന് ലക്ഷം ചെറുകിട വ്യവസായങ്ങൾ പൂട്ടുകയും ചെയ്തു. ആഭ്യന്തര ഉല്പാദന വളർച്ച 5.7 ശതമാനമായി മാറി. 2016 ഏപ്രിൽ മുതൽ ജൂൺ വരെ 7.9 ശതമാനമായിരുന്നു. ഫലത്തിൽ 2.2 ശതമാനത്തിന്റെ കുറവ്. ഒരു ശതമാനം ആഭ്യന്തര വളർച്ചാ നിരക്ക് കുറയുമ്പോൾ 1.5 ലക്ഷം കോടി രൂപയുടെ നഷ്ടമാണ് രാജ്യത്തിനുണ്ടാവുക. ഫലത്തിൽ 3.3 ലക്ഷം കോടി രൂപയുടെ നഷ്ടം രാജ്യത്തിനുണ്ടായി എന്നർത്ഥം. വികസനത്തിന് പണം വേണ്ടെയെന്ന് ചേദിക്കുന്ന സർക്കാർ. പെട്രോളിന്റെയും ഡീസലിന്റെയും വില കുതിച്ചുയർന്നു. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് മറ്റൊരിടത്ത്. ഫലത്തിൽ എല്ലാം സാധരണക്കാരന്റെ ജീവിതം ദുസ്സഹമാവുകയാണ്. എങ്ങനെ കുടുംബ ബഡ്ജറ്റ് കൈകാര്യം ചെയ്യും എന്നറിയാതെ വിഷമിക്കുകയാണ് മധ്യവർഗ്ഗം. ഒരോ ദിവസവും ഇന്ത്യയിൽ 550 കോടി തൊഴിലവസരങ്ങൾ നഷ്ടമാകുന്നു. ഗ്രാമീണ മേഖലയിൽ കർഷകരുടെ വരുമാനം 7.5 ശതമാനത്തിൽ നിന്നും 3 ശതമാനമായി മാറി. 8.5 ലക്ഷം രൂപയാണ് നമ്മുടെ ബാങ്കുകളുടെ കിട്ടാക്കടം. വായ്പ തിരിച്ചടക്കാത്തവർ സാധാരണക്കാരല്ല ഭൂരിഭാഗവും വൻകിട മുതലാളിമാരും കോർപ്പറേറ്ററുകളുമാണ് എന്നതാണ് സത്യം. എന്നാൽ ഇത് ഇന്ത്യയുടെ മാത്രം അവസ്ഥയല്ല ആഗോള സാമ്പത്തിക മേഖല ഇനിയും വരാനിരിക്കുന്ന രണ്ടു വർഷത്തിനുള്ളിൽ വീണ്ടും കടുത്ത സാമ്പത്തിക മാന്ദ്യത്തെ നേരിടേണ്ടി വരുമെന്ന് സാമ്പത്തിക വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. റോയിറ്റേഴ്സ് വാർത്താ ഏജൻസി ലോകത്തിലെ 46 രാജ്യങ്ങളിലെ സാമ്പത്തിക വി



ദഗ്ദ്ധർക്കിടയിൽ നടത്തി വരാറുള്ള വർഷപാദ സാമ്പത്തിക സർവ്വെയുടെ ഏറ്റവും അവസാനത്തേതിലാണ് ഈ അഭിപ്രായത്തിനു മുൻതൂക്കം ലഭിച്ചത്. മറുവശത്ത് കഴിഞ്ഞ ദശകത്തിൽ ലോക രാജ്യങ്ങളിൽ മൊത്തത്തിലുണ്ടായ സാമ്പത്തിക മുന്നേറ്റം അടുത്ത രണ്ടു വർഷത്തിലും ആവർത്തിക്കുമെന്ന പ്രതീക്ഷയാണ് വേൾഡ് ഇക്കണോമിക് ഔട്ട്ലുക്ക് പുറത്തുവിട്ട റിപ്പോർട്ടിൽ ഇന്റർനാഷണൽ മോനിറ്ററി ഫണ്ട് അഭിപ്രായപ്പെട്ടത്. എന്നാൽ ഇത് 2008-ൽ ലോക രാജ്യങ്ങൾ നേരിട്ട സാമ്പത്തിക പ്രതിസന്ധിയ്ക്ക് മുമ്പുണ്ടായിരുന്ന സാമ്പത്തിക വളർച്ചാ നിരക്കിന്റെ ശരാശരിയുടെ താഴെയാണെന്നുമാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ഐ എം എഫും മറ്റും പ്രചരിപ്പിക്കുന്ന ഈ ശുഭാപ്തിവിശ്വാസത്തെ സാമ്പത്തികലോകം പൊതുവിൽ പങ്കുവെയ്ക്കുന്നില്ല. ലോകത്തെ എല്ലാ വൻകിട സാമ്പത്തിക ശക്തികളിലും വളർച്ചാനിരക്ക് രണ്ടുവർഷത്തിനുള്ളിൽ ഇടിയുമെന്നാണ് സർവ്വെയിൽ പങ്കെടുത്തവരിൽ ഭൂരിപക്ഷം അഭിപ്രായപ്പെട്ടത്. 2008ലെ സാമ്പത്തിക പ്രതിസന്ധിയേക്കാൾ കുടുതൽ രൂക്ഷമായ സാമ്പത്തിപ്രതിസന്ധി വരാനിരിക്കുന്നു എന്ന അഭിപ്രായത്തെ ലോകത്തിലെ സെൻട്രൽബാങ്കുകളും പിൻപറ്റുന്നു. 2008ലെ സാമ്പത്തികപ്രതിസന്ധി ഒരു സൂചന മാത്രമായിരുന്നെന്നും യഥാർത്ഥത്തിലുള്ള പ്രതിസന്ധി ഇനിയും വരാനിരിക്കുന്നതെയുള്ു എന്നുമാണ് വിലയിരുത്തപ്പെടുന്നത്. പ്രവചനം ശരിയാവുകയാണെങ്കിൽ, ഇന്ത്യ മാത്രമല്ല 2019 മുതൽ ലോകത്തിലെ ഇപ്പോഴത്തെ വൻസാമ്പത്തികങ്ങളായ ചൈന, അമേരിക്ക, ജപ്പാൻ, യൂറോ മേഖല തുടങ്ങിയ രാജ്യങ്ങളുടെ അഭ്യന്തര ഉല്പാദന നിരക്ക് ഇപ്പോഴത്തേതിനേക്കാളും കുറഞ്ഞ നിരക്കിലാണ് വളരുക.

പണം നിക്ഷേപിക്കുന്നവരെക്കാൾ ഉപഭോക്താക്കളുടെ വായ്പാതോത് വർദ്ധിക്കുന്നതിനാൽ അതിനെ നിയന്ത്രിക്കാനായി സെൻട്രൽ ബാക്കുകൾക്ക് നിയന്ത്രണങ്ങൾ കർശനമാക്കേണ്ടി വരും ഇത് സാമ്പത്തികവളർച്ചയെ തടയുമെന്നുമാണ് വിദഗ്ദ്ധർ പറയുന്നത്. യൂറോ മേഖലയിലെ ഇപ്പോഴത്തെ വളർച്ചാ നിരക്ക് ഇപ്പോഴത്തെ 1.9 ശതമാനം എന്നത് 2019 ൽ 1.5 ശതമാനം ആയിക്കുറയും. ജപ്പാനിന്റെ 1.4 ശതമാനം എന്നത് പകുതിയായി 0.7ശതമാനമായി മാറും. അമേരിക്കയുടെ 2.1 ശതമാനം എന്നത് 2.2 ശതമാനമായി ഉയരുമെങ്കിലും മുൻകാല ശരാശരിയായ 3ശതമാനത്തിലേക്ക് അപ്പോഴും എത്തില്ല. സാമ്പത്തികപ്രതിസന്ധികളുടെ ആവർത്തന സ്വഭാവം വീണ്ടും പ്രകടമാവാൻ സമയമടുത്തതുകൊണ്ട് സെൻട്രൽ ബാങ്കുകൾ സാമ്പത്തിക ഉത്തേജന നടപടികളിൽ നിന്നും പിന്മാറാൻ നിർബന്ധിതമാവുന്നു. വീണ്ടും നയപരമയ പാളിച്ചകൾ സംഭവിക്കാതിരിക്കാനുള്ള മുൻ കരുതലാണിത്. ഇത് വളർച്ചാനിരക്ക് പ്രവചനാത്മകമായി ഇടിയുന്നതിലേക്ക് നയിക്കുമെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു.ആഗോള സാമ്പത്തീക സ്ഥിതിയുടെ വളർച്ചയെ ഇല്ലാതാക്കാൻ പോലും ബ്രിട്ടന്റെ യൂറോപ്യൻ യൂണിയൻ വിടവാങ്ങലിന് കഴിയുമെന്ന് സാമ്പത്തീക വിദഗ്ധരുടെ മുന്നറിയിപ്പ്. യൂറോപ്പിനെ ഇത് സാരമായി ബാധിക്കുമെന്ന് ഇന്റർനാഷണൽ മോണിറ്ററി ഫണ്ട് മുന്നറിയിപ്പ് നൽകുന്നത്. അതിർത്തി ബാങ്കിങ് സംവിധാനങ്ങൾ തകരാറിലാക്കാനും ബ്രക്സിറ്റ് കാരണമായേക്കാം. ഇത് എത്രത്തോളം കടുപ്പമുള്ളതായിരിക്കുമെന്ന് മുൻകൂട്ടി കാണാൻ കഴിയില്ലെന്നും ഐ എം എഫ് ന്റെ ഗ്ലോബൽ ഫിനാൻഷ്യൽ സ്റ്റെ

07

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.